കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# THE CONSTITUTION (FORTY SECOND AMENDMENT) ACT 1976

# ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 1976

വില

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# THE CONSTITUTION (FORTY SECOND AMENDMENT) ACT 1976

# ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്ട് 1976

വില: ക8-40

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറു പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1983

# ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി)
# ആക്റ്റ് 1976

ഇൻഡ്യയുടെ ഭരണഘടന കൂടുതലായി ഭേദഗതി
ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്

ഇൻഡ്യാ റിപ്പബ്ലിക്കിൻെറ ഇരുപത്തേഴാം സംവൽസരത്തിൽ പാർലമെൻറ് താഴെപറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. (1) ഈ ആക്റ്റിന്, ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 1976 എന്നു പേർ പറയാവുന്നതാണ്. ചുരുക്കപ്പേരും പ്രാരംഭവും.

(2) ഇത്, കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതും, ഈ ആക്റ്റിലെ വ്യത്യസ്ഥ വ്യവസ്ഥകൾക്ക് വ്യത്യസ്ഥ തീയതികൾ നിശ്ചയിക്കാവുന്നതും ആകുന്നു.

2. ഭരണഘടനയുടെ ആമുഖത്തിൽ,—

(ക) ''പരമാധികാര ജനാധിപത്യ റിപ്പബ്ലിക്ക്'' എന്ന വാക്കുകൾക്കു പകരം ''പരമാധികാര സോഷ്യലിസ്ററ് മതേതര ജനാധിപത്യ റിപ്പബ്ലിക്ക്'' എന്ന വാക്കുകൾ ചേർക്കേണ്ടതാകുന്നു. ആമുഖത്തിൻെറ ഭേദഗതി

(ഖ) ''രാഷ്ട്രത്തിൻെറ ഐക്യവും'' എന്ന വാക്കുകൾക്കു പകരം ''രാഷ്ട്രത്തിൻെറ ഐക്യവും അഖണ്ഡതയും'' എന്ന വാക്കുകൾ ചേർക്കേണ്ടതാകുന്നു.

3. ഭരണഘടനയുടെ 31—ാം അനുച്ഛേദത്തിനു ശേഷം, താഴെ പറയുന്ന ഉപശീർഷകം ചേർക്കേണ്ടതാകുന്നു, അതായത്:— 1—ാം—അനുച്ഛേദത്തിനുശേഷം പുതിയ ശീർഷകം ചേർക്കൽ

''ചില നിയമങ്ങൾ ഒഴിവാക്കൽ''

31 ഗ. അനുച്ഛേദത്തിൻെറ ഭേദഗതി

4. ഭരണഘടനയുടെ 31ഗ അനുച്ഛേദത്തിൽ, ''39—ാം അനുച്ഛേദത്തിലെ (ഖ) ഖണ്ഡത്തിലോ (ഗ) ഖണ്ഡത്തിലോ വിനിർദ്ദേശിക്കുന്ന തത്വങ്ങ൦ എന്ന വാക്കുക൦ക്കും, ബ്രാക്കററുക൦ക്കും, അക്ഷരങ്ങ൦ക്കും, അക്കങ്ങ൦ക്കും പകരം ''ഭാഗം IV-ൽ പ്രതിപാദിക്കുന്ന എല്ലാ തത്വങ്ങളുമോ, അവയിൽ ഏതെങ്കിലുമോ'' എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാകുന്നു.

പുതിയ അനുച്ഛേദം 31 ഘ. ചേർക്കൽ

5. ഭരണഘടനയുടെ 31ഗ അനുച്ഛേദത്തിനുശേഷവും ''ഭരണഘടനാസംബന്ധമായ നിവൃത്തിമാർഗ്ഗങ്ങ൦ക്കുള്ള അവകാശം'' എന്ന ശീർഷകത്തിനുമുൻപുമായി താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

ദേശീയ വിരുദ്ധപ്രവർത്തനങ്ങ൦ സംബന്ധിച്ചുള്ള നിയമങ്ങ൦ ഒഴിവാക്കൽ

31ഘ (1) 13—ാം അനുച്ഛേദത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) ദേശീയ വിരുദ്ധ പ്രവർത്തനങ്ങ൦ തടയുന്നതിനോ നിരോധിക്കുന്നതിനോ, അല്ലെങ്കിൽ

(ഖ) ദേശീയ വിരുദ്ധ സമാജങ്ങളുടെ രൂപവൽക്കരണം തടയുന്നതിനോ, അവ നിരോധിക്കുന്നതിനോ, വ്യവസ്ഥചെയ്യുന്ന യാതൊരു നിയമവും, അത് 14—ാം അനുച്ഛേദത്താലോ, 19—ാം അനുച്ഛേദത്താലോ 31—ാം അനുച്ഛേദത്താലോ നൽകപ്പെട്ടിട്ടുള്ള അവകാശങ്ങളിൽ ഏതിനോടെങ്കിലും അസംഗതമാണെന്നോ, അല്ലെങ്കിൽ അവയിൽ ഏതിനെയെങ്കിലും എടുത്തുകളയുന്നുവെന്നോ ന്യൂനീകരിക്കുന്നുവെന്നോ ഉള്ള കാരണത്തിൻമേൽ ശൂന്യമാണെന്ന് കരുതപ്പെടുവാൻ പാടുള്ളതല്ല.

(2) ഈ ഭരണഘടനയിൽ എന്തുതന്നെയിരുന്നാലും, (1)—ാം ഖണ്ഡം (ക) ഉപഖണ്ഡത്തിലോ, (ഖ) ഉപഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച്, നിയമങ്ങ൦ ഉണ്ടാക്കാൻ പാർലമെൻറിന് അധികാരം ഉണ്ടായിരിക്കുന്നതും, ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിന്, ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

(3) (1)—ാം ഖണ്ഡം (ക) ഉപഖണ്ഡത്തിലോ (ഖ) ഉപഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള ഏതെ

ങ്കിലും വിഷയം സംബന്ധിച്ചിട്ടുള്ളതും, ഭരണഘടന (നാൽപ്പത്തി രണ്ടാം ഭേദഗതി) ആക്റ്റ്, 1976-ലെ 5—ാം വകുപ്പിന്റെ പ്രാരംഭത്തിനുതൊട്ടുമുമ്പ് പ്രാബല്യത്തിലുള്ളതുമായ ഏതെങ്കിലും നിയമം, പാർലമെന്റിനാൽ ഭേദപ്പെടുത്തുകയോ റദ്ദാക്കപ്പെടുകയോ, ഭേദഗതി ചെയ്യപ്പെടുകയോ ചെയ്യുന്നതുവരെ പ്രാബല്യത്തിൽ തുടരുന്നതാകുന്നു.

(4) ഈ അനുച്ഛേദത്തിൽ,—

(ക) ''സമാജം'' എന്നാൽ ആളുകളുടെ ഒരു സമാജം എന്നർത്ഥമാകുന്നു.

(ഖ) ''ദേശീയ വിരുദ്ധ പ്രവർത്തനം,'' എന്നാൽ ഒരു, വ്യക്തിയേയോ സമാജത്തെയോ സംബന്ധിച്ചിടത്തോളം, അങ്ങനെയുള്ള വ്യക്തിയോ സമാജമോ ചെയ്യുന്നതും—

(1) ഇൻഡ്യാ രാജ്യ ക്ഷേത്രത്തിന്റെ ഒരു ഭാഗം ദത്തമാകുന്നതോ, അല്ലെങ്കിൽ ഇൻഡ്യാ രാജ്യ ക്ഷേത്രത്തിന്റെ ഒരു ഭാഗംവിട്ടുപോകുന്നതോ ഏതെങ്കിലും കാരണത്തിൻമേൽ, അതു എന്തുതന്നെയായിരുന്നാലും, സംഭവിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതും, അല്ലെങ്കിൽ അങ്ങനെ സംഭവിപ്പിക്കാനുള്ള അവകാശ വാദത്തെ താങ്ങുന്നതും അല്ലെങ്കിൽ അങ്ങനെ ദത്തമാകുന്നതോ വിട്ടുപോകുന്നതോ സംഭവിപ്പിക്കാൻ ഏതെങ്കിലും വ്യക്തിയേയോ സമാജത്തേയോ ഇളക്കിവിടുന്നതും, അല്ലെങ്കിൽ

(2) ഇൻഡ്യയുടെ പരമാധികാരത്തേയും അഖണ്ഡതയേയുമോ, അല്ലെങ്കിൽ സ്റ്റേററിന്റെ സുരക്ഷിതത്വത്തേയോ രാഷ്ട്രത്തിന്റെ ഐക്യത്തേയോ നിരാകരിക്കുന്നതോ, ചോദ്യം ചെയ്യുന്നതോ, ഭീഷണിപ്പെടുത്തുന്നതോ, ഭജ്ഞിക്കുന്നതോ അല്ലെങ്കിൽ ഭീഷണിപ്പെടുത്തുവാനോ ഭജ്ഞിക്കുവാനോ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയതും, അല്ലെങ്കിൽ

(3) നിയമത്താൽ സ്ഥാപിതമായ പ്രകാരമുള്ള ഗവൺമെന്റിനെ, ബലപ്രയോഗ

ത്താൽ മറിച്ചിടാനുദ്ദേശിച്ചുകൊണ്ടു ള്ളതോ, ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയുടെ ഭാഗമോ ആയതും, അല്ലെങ്കിൽ

(4) ആഭ്യന്തരകലാപമോ, പബ്ലിക് സർവീസുകളുടെ വിച്ഛേദനമോ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയുടെ ഭാഗമോ ആയതും, അല്ലെങ്കിൽ

(5) വ്യത്യസ്തമായ മതവംശഭാഷാപ്രാദേശിക ഗ്രൂപ്പുകളോ, ജാതികളോ സമുദായങ്ങളോ തമ്മിലുള്ള സൗഹാർദ്ദത്തെ ഭീഷണിപ്പെടുത്തുകയോ ഭജ്ഞിക്കുകയോ ചെയ്യാനുദ്ദേശിച്ചുകൊണ്ടുള്ളതോ, ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയുടെ ഭാഗമോ ആയതും,

ആയ ഏതെങ്കിലും പ്രവർത്തി എന്നർത്ഥമാകുന്നു.

(ഗ) ''ദേശീയവിരുദ്ധ സമാജം'' എന്നാൽ,—

(1) ഏതു സമാജത്തിനാണോ, അതിൻെറ ലക്ഷ്യം ഏതെങ്കിലും ദേശീയ വിരുദ്ധ പ്രവർത്തനം ആയിട്ടുള്ളത് അങ്ങിനെയുള്ളതോ,

(2) ഏതെങ്കിലും ദേശീയ വിരുദ്ധപ്രവർത്തനം ഏറെറടുക്കാനോ, അതിൽ ഏർപ്പെടാനോ ആളുകളെ പ്രോൽസാഹിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്നതോ,

(3) ഏതു സമാജത്തിലെ അംഗങ്ങളാണോ ഏതെങ്കിലും ദേശീയ വിരുദ്ധ പ്രവർത്തനം ഏറെറടുക്കുകയോ, അതിൽ ഏർപ്പെടുകയോ ചെയ്യുന്നത്, അങ്ങനെയുള്ളതോ,

ആയ ഒരു സമാജം എന്നർത്ഥമാകുന്നു.

പുതിയ അനുച്ഛേദം 32 ക. ചേർക്കൽ

6. ഭരണഘടനയുടെ 32–ാം അനുച്ഛേദത്തിനു ശേഷം താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

"32ക. 32—ാം അനുച്ഛേദത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ അനുച്ഛേദത്തിൻകീഴിലെ ഏതെങ്കിലും നടപടികളിൽ സുപ്രീം കോടതി ഏതെങ്കിലും സ്റേററ് നിയമത്തിൻെറ ഭരണഘടനാപരമായ സാധുത ഏതെങ്കിലും കേന്ദ്ര നിയമത്തിൻെറ സാധുതയും അങ്ങനെയുള്ള നടപടികളിൽ വാദമുഖമായിരിക്കാത്ത പക്ഷം, പരിഗണിക്കുവാൻ പാടുള്ളതല്ല.

32—ാം അനുച്ഛേദത്തിൻ കീഴിലുള്ള നടപടികളിൽ സ്റേററു നിയമങ്ങളുടെ സാധുത പരിഗണിക്കാൻ പാടില്ലെന്ന്

7. ഭരണഘടനയുടെ 39—ാം അനുച്ഛേദത്തിൽ, (ച) ഖണ്ഡത്തിനുപകരം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

39—ാം അനുച്ഛേദത്തിൻെറ ഭേദഗതി

"(ച) കുട്ടികൾക്ക് ആരോഗ്യകരമായ രീതിയിലും സ്വാതന്ത്ര്യത്തിനും അന്തസ്സിനും പററിയ പരിതഃസ്ഥിതികളിലും വികസിക്കുവാൻ അവസരങ്ങളും സൗകര്യങ്ങളും നൽകുകയും, ചൂഷണത്തിനെതിരായും, സാൻമാർഗ്ഗിക പരിത്യജനത്തിനും ഭൗതിക പരിത്യജനത്തിനും, എതിരായും, ബാല്യത്തേയും യൗവനത്തേയും രക്ഷിക്കുകയും ചെയ്യുക."

8. ഭരണഘടനയുടെ 39—ാം അനുച്ഛേദത്തിനു ശേഷം താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

പുതിയ അനുച്ഛേദം 39 ക. ചേർക്കൽ

"39ക. സ്റേററ് നിയമസമ്പ്രദായത്തിൻെറ പ്രവർത്തനം, തുല്യാവസരത്തിൻെറ അടിസ്ഥാനത്തിൽ നീതിപുലർത്തുന്നതു സംപ്രാപ്തമാക്കേണ്ടതും, പ്രത്യേകിച്ചും, നീതി ലഭിക്കുന്നതിനുള്ള അവസരങ്ങൾ, സാമ്പത്തികമോ മറേറാ ആയ അവശതകൾ കാരണമായി ഏതെങ്കിലും പൗരനു നിഷേധിക്കപ്പെടുന്നില്ലെന്നു സുനിശ്ചിതമാക്കാൻ തക്കതായ നിയമനിർമ്മാണമോ, പദ്ധതികളോ വഴിയോ മറേറതെങ്കിലും വഴിയോ, സൗജന്യമായി നിയമസഹായം ഏർപ്പെടുത്തേണ്ടതും ആകുന്നു.

തുല്യമായ നീതിയും സൗജന്യമായ നിയമസഹായവും

9. ഭരണഘടനയുടെ 43—ാം അനുച്ഛേദത്തിനു ശേഷം, താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

പുതിയ അനുച്ഛേദം 43 ക. ചേർക്കൽ

"43ക. ഏതെങ്കിലും വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളുടെയോ സ്ഥാപനങ്ങളുടെയോ, മററു സംഘടനകളുടെയോ നടത്തിപ്പിൽ

വ്യവസായങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികളുടെ ഭാഗഭാഗിത്വം

തൊഴിലാളികളുടെ ഭാഗഭാഗിത്വം സംപ്രാപ്തമാക്കുവാൻ സ്റ്റേറ്റ്, തക്കതായ നിയമനിർമ്മാണം വഴിയോ മറ്റേതെങ്കിലും വഴിയോ, നടപടികൾ എടുക്കേണ്ടതാകുന്നു.

പുതിയ അനുച്ഛേദം 48 ക. ചേർക്കൽ

10. ഭരണഘടനയുടെ 48-ാം അനുച്ഛേദത്തിനുശേഷം താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

പരിസ്ഥിതിയുടെ രക്ഷണവും അഭിവൃദ്ധിപ്പെടുത്തലും വനങ്ങളുടേയും വന്യജീവികളുടേയും പരിരക്ഷണവും

''48ക. സ്റ്റേറ്റ്, പരിസ്ഥിതി രക്ഷിക്കുകയും, അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുവാനും, രാജ്യത്തിലെ വനങ്ങളേയും വന്യജീവികളേയും പരിരക്ഷിക്കുവാനും യത്നിക്കേണ്ടതാകുന്നു.

പുതിയഭാഗം IV ക. ചേർക്കൽ

11. ഭരണഘടനയുടെ ഭാഗം IV-നുശേഷം, താഴെ പറയുന്ന ഭാഗം ചേർക്കേണ്ടതാകുന്നു, അതായത്:—

## ഭാഗം IV ക

### മൗലിക കർത്തവ്യങ്ങൾ

മൗലിക കർത്തവ്യങ്ങൾ

51ക. താഴെ പറയുന്നവ ഇൻഡ്യയിലെ ഏതൊരു പൗരന്റേയും കർത്തവ്യമായിരിക്കുന്നതാകുന്നു.—

(ക) ഭരണഘടനയെ അനുസരിക്കുകയും, അതിന്റെ ആദർശങ്ങളേയും, സംസ്ഥാപനങ്ങളേയും, ദേശീയപതാകയേയും, ദേശീയഗാനത്തേയും മാനിക്കുകയും ചെയ്യുക,

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പുലർത്തുകയും അനുവർത്തിക്കുകയും ചെയ്യുക,

(ഗ) ഇൻഡ്യയുടെ പരമാധികാരവും, ഐക്യവും, അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക,

(ഘ) രാജ്യത്തെ പ്രതിരക്ഷിക്കുകയും, ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അപ്രകാരം ചെയ്യുകയും ചെയ്യുക,

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും അല്ലെങ്കിൽ വിഭാഗീയവുമായ വൈവിദ്ധ്യങ്ങൾക്കതീതമായി ഇൻഡ്യയിലെ എല്ലാജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും, പൊതുസാഹോദര്യ മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിനു ന്യൂനത വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

(ച) നമ്മുടെ സമ്മിളിത സംസ്ക്കാരത്തിൻെറ വിലപ്പെട്ട പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക.

(ഛ) വനങ്ങളും, തടാകങ്ങളും, നദികളും, വന്യജീവികളും ഉൾപ്പെടുന്ന പ്രാകൃതിക പരിസ്ഥിതി പ്രദേശങ്ങൾ സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോടു കാരുണ്യം കാണിക്കുകയും ചെയ്യുക.

(ജ) ശാസ്ത്രീയമനസ്ഥിതിയും മാനുഷികതവും, അന്വേഷണപരിഷ്ക്കരണ മനോഭാവവും വികസിപ്പിക്കുക.

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും അക്രമം ഉപേക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധനാവുകയും ചെയ്യുക.

(ഞ) രാഷ്ട്രം നിരന്തരം യത്നത്തിൻേറയും ലക്ഷ്യപ്രാപ്തിയുടേയും ഉപര്യുപരിയായ നിലവാരത്തിലേക്ക് ഉയരത്തക്കവണ്ണം വ്യക്തിപരമായുള്ളതും കൂട്ടായുള്ളതുമായ പ്രവർത്തനത്തിൻെറ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക.''

12. ഭരണഘടനയുടെ 55—ാം അനുച്ഛേദത്തിൽ, വിശദീകരണത്തിനുപകരം താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതാകുന്നു. അതായത്:— 55—ാം അനുച്ഛേദത്തിൻെറ ഭേദഗതി

വിശദീകരണം:— ഈ അനുച്ഛേദത്തിൽ, ''ജനസംഖ്യ'' എന്ന പദപ്രയോഗത്തിനു, പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള, ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയ ജനസംഖ്യ എന്നർത്ഥമാകുന്നു.

എന്നാൽ, പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ വിശദീകരണത്തിലെ പരാമർശത്തിന്, വർഷം 2000—നു ശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, 1971—ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

74—ാം—അനുച്ഛേദത്തിന്റെ ഭേദഗതി

13. ഭരണഘടനയുടെ 74—ാം അനുച്ഛേദത്തിൽ, (1)—ാം ഖണ്ഡത്തിനുപകരം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

"(1) രാഷ്ട്രപതിയെ സഹായിക്കുവാനും ഉപദേശിക്കുവാനുമായി പ്രധാനമന്ത്രി തലവനായുള്ള ഒരു മന്ത്രിസഭ ഉണ്ടായിരിക്കേണ്ടതും, രാഷ്ട്രപതി, തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അങ്ങനെയുള്ള ഉപദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു."

77-ാം അനുച്ഛേദത്തിന്റെ ഭേദഗതി

14. ഭരണഘടനയുടെ 77—ാം അനുച്ഛേദത്തിൽ, 3—ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

"(4) യാതൊരു കോടതിക്കും അല്ലെങ്കിൽ മററധികാരസ്ഥാനത്തിനും ഇൻഡ്യാ ഗവൺമെൻറിന്റെ കാര്യങ്ങളുടെ കൂടുതൽ സുകരമായ നടത്തിപ്പിനായി (3)—ാം ഖണ്ഡത്തിൻകീഴിലുണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളുടെ ഹാജരാക്കൽ ആവശ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല."

81—ാം അനുച്ഛേദത്തിന്റെ ഭേദഗതി

15. ഭരണഘടനയുടെ 81—ാം അനുച്ഛേദത്തിൽ (3)—ാം ഖണ്ഡത്തോട് താഴെ പറയുന്ന പരിമിതി വ്യവസ്ഥ ചേർക്കേണ്ടതാകുന്നു, അതായത്:—

"എന്നാൽ, പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ ഖണ്ഡത്തിലെ പരാമർശത്തിന്, വർഷം 2000—ത്തിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ

1971-ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കൽപിക്കേണ്ടതാകുന്നു.''

16. ഭരണഘടനയുടെ 82-ാം അനുച്ഛേദത്തിൽ പരിമിതി വ്യവസ്ഥയ്ക്കുശേഷം, താഴെ പറയുന്ന പരിമിതി വ്യവസ്ഥകൾ ചേർക്കേണ്ടതാകുന്നു, അതായത്:— 82-ാം അനുച്ഛേദത്തിന്റെ ഭേദഗതി

''എന്നുമാത്രമല്ല, അങ്ങനെയുള്ള പുന:സമായോജനം, രാഷ്ട്രപതി ഉത്തരവു മുഖേന വിനിർദ്ദേശിക്കുന്ന തീയതി മുതൽ പ്രഭാവത്തിൽ വരുന്നതും, അങ്ങനെയുള്ള പുന:സമായോജനം പ്രഭാവത്തിൽ വരുന്നതുവരെ, സഭയിലേക്കുള്ള ഏതെങ്കിലും തിരഞ്ഞെടുപ്പ്, അങ്ങനെയുള്ള പുന:സമായോജനത്തിനുമുമ്പ് നിലവിലുള്ള പ്രാദേശിക നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ നടത്താവുന്നതുമാകുന്നു:

കൂടാതെ, വർഷം 2000-നു ശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, ഈ അനുച്ഛേദത്തിൻകീഴിൽ സ്റേറററുകൾക്കു ലോകസഭയിൽ സ്ഥാനങ്ങൾ വിഭജിച്ചു കൊടുത്തിട്ടുള്ളതും, ഓരോ സ്റേറററും പ്രാദേശിക നിയോജകമണ്ഡലങ്ങളായി ഭാഗിച്ചിട്ടുള്ളതും പുന:സമായോജനം ചെയ്യുന്നത് ആവശ്യമായിരിക്കുന്നതല്ല.''

17. (1) ഭരണഘടനയുടെ 83-ാം അനുച്ഛേദത്തിൽ, 2-ാം ഖണ്ഡത്തിൽ, ''അഞ്ചു വർഷം'' എന്ന വാക്കുകൾ കാണുന്ന രണ്ടു സ്ഥലങ്ങളിലും അവയ്ക്കു പകരം ''ആറു വർഷം'' എന്ന വാക്കുകൾ ചേർക്കേണ്ടതാകുന്നു. 83-ാം അനുച്ഛേദത്തിന്റെ ഭേദഗതി

(2) (1)-ാം ഉപവകുപ്പു ചെയ്യുന്ന ഭേദഗതികൾ, ഈ വകുപ്പു പ്രാബല്യത്തിൽ വരുന്ന തീയതി നിലവിലുള്ള ലോക സഭയ്ക്കു ബാധകമായിരിക്കുന്നതാകുന്നു.

18. ഭരണഘടനയുടെ 100-ാം അനുച്ഛേദത്തിൽ (3)-ം (4)-ം ഖണ്ഡങ്ങൾ വിട്ടുകളയേണ്ടതാകുന്നു. 100-ാം അനുച്ഛേദത്തിന്റെ ഭേദഗതി

102–ാം അനുച്ഛേദത്തിൻെറ ഭേദഗതി

19. ഭരണഘടനയുടെ 102–ാം അനുച്ഛേദത്തിൽ (1)–ാം ഖണ്ഡം (ക) ഉപഖണ്ഡത്തിനു പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാകുന്നു:—

"(ക) ആരം ഇൻഡ്യാ ഗവൺമെൻറിൻേറയോ, ഏതെങ്കിലും സ്റേററിലെ ഗവൺമെൻറിൻെറയോ കീഴിൽ ഏതൊരു ആദായകരമായ ഉദ്യോഗമാണോ അത് വഹിക്കുന്നവനെ അയോഗ്യനാക്കുമെന്ന് പാർലമെൻറിനാൽ നിയമം മുഖേന പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്നുവെങ്കിലോ."

103–ാം അനുച്ഛേദത്തിനു പകരം പുതിയ അനുച്ഛേദം ചേർക്കൽ

20. ഭരണഘടനയുടെ 103–ാം അനുച്ഛേദത്തിനു പകരം താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

അയോഗ്യതകളെക്കുറിച്ചുള്ള പ്രശ്നങ്ങളിൻമേലുള്ള തീരുമാനം

103. (1) ഏതെങ്കിലും പ്രശ്നം—

(ക) പാർലമെൻറിൻെറ ഇരുസഭകളിൽ ഏതിലെയെങ്കിലും ഒരംഗം, 102–ാം അനുച്ഛേദത്തിലെ (1)–ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിത്തീർന്നിട്ടുണ്ടോ എന്നതിനെക്കുറിച്ചോ, അല്ലെങ്കിൽ

(ഖ) പാർലമെൻറിൻെറ ഒരു സഭയിലേക്കുള്ള ഒരു തിരഞ്ഞെടുപ്പിൽ, പാർലമെൻറിനാൽ നിർമ്മിക്കപ്പെട്ട ഏതെങ്കിലും നിയമത്തിൻ കീഴിൽ അഴിമതി പ്രവൃത്തിക്ക് അപരാധിയായി കാണപ്പെടുന്ന ഒരാരം, പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലേയെങ്കിലുമോ, ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു സഭയിലേയോ ഒരംഗമായി വരണം ചെയ്യപ്പെടുവാനും ഒരു അംഗമായിരിക്കുവാനും അയോഗ്യനാകുമോ എന്നതിനെക്കുറിച്ചോ, അല്ലെങ്കിൽ എത്ര കാലത്തേക്കാണ് അയാരം അപ്രകാരം അയോഗ്യനാകുന്നത് എന്നതിനെക്കുറിച്ചോ, അല്ലെങ്കിൽ അങ്ങനെയുള്ള അയോഗ്യത നീക്കം ചെയ്യുകയോ, അതിൻെറ കാലാവധി കുറയ്ക്കുകയോ ചെയ്യുന്നതിനെക്കുറിച്ചോ,

ഉത്ഭവിക്കുന്നുവെങ്കിൽ, ആ പ്രശ്നം രാഷ്ട്രപതിയുടെ തീരുമാനത്തിന് റഫർ ചെയ്യേണ്ടതും, അദ്ദേഹത്തിൻെറ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും പ്രശ്നത്തിൻമേൽ ഏതെങ്കിലും തീരുമാനം നൽകുന്നതിനു മുമ്പ് രാഷ്ട്രപതി തിരഞ്ഞെടുപ്പു കമ്മീഷനോട് ആലോചിക്കേണ്ടതും തിരഞ്ഞെടുപ്പു കമ്മീഷന് ഇതിനുവേണ്ടി യുക്തമെന്നു തോന്നുന്ന അന്വേഷണ വിചാരണ ചെയ്യാവുന്നതും ആകുന്നു.

21. ഭരണഘടനയുടെ 105–ാം അനുച്ഛേദത്തിൽ, 3–ാം ഖണ്ഡത്തിനുപകരം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:— 105–ാം അനുച്ഛേദത്തിന്റെ ഭേദഗതി

''(3) മററു കാര്യങ്ങളെ സംബന്ധിച്ച് പാർലമെൻറിൻെറ ഓരോ സഭയ്ക്കും, ഓരോ സഭയിലേയും അംഗങ്ങൾക്കും, കമ്മിററികൾക്കും ഉള്ള അധികാരങ്ങളും, വിശേഷാവകാശങ്ങളും, ഉൻമുക്തികളും അപ്പോഴപ്പോൾ പാർലമെൻറിൻെറ അങ്ങനെയുള്ള സഭ ആവിഷ്ക്കരിക്കുന്നവ ആയിരിക്കുന്നതാണ്.''

22. ഭരണഘടനയുടെ 118–ാം അനുച്ഛേദത്തിൽ (1)–ാം ഖണ്ഡത്തിൽ, "അതിൻെറ നടപടിക്രമവും'' എന്ന വാക്കുകൾക്കു ശേഷം "(സഭയുടെ ഒരു യോഗം ചേരുന്നതിന് ആവശ്യമുള്ള കോറം ഉൾപ്പെടെ)'' എന്ന ബ്രാക്കററുകളും വാക്കുകളും ചേർക്കേണ്ടതാകുന്നു. 118–ാം–അനുച്ഛേദത്തിന്റെ ഭേദഗതി

23. ഭരണഘടനയുടെ 131–ാം അനുച്ഛേദത്തിനുശേഷം, താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:— പുതിയ അനുച്ഛേദം 131 ക. ചേർക്കൽ

''131 ക. (1) ഈ ഭരണഘടനയുടെ മറേറതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സുപ്രീം കോടതിക്ക് മറേറതെങ്കിലും കോടതിയെ ഒഴിച്ചു നിറുത്തിക്കൊണ്ട്, ഏതെങ്കിലും കേന്ദ്രനിയമത്തിൻെറ ഭരണഘടനാപരമായ സാധുത സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും തീർപ്പുചെയ്യാൻ അധികാരിത ഉണ്ടായിരിക്കുന്നതാണ്. നിയമങ്ങളുടെ സാധുതയെക്കുറിച്ചുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് സുപ്രീം കോടതിയുടെ അനന്യാധികാരിത

(2) ഒരു ഹൈക്കോടതിക്ക്—

(ക) അതിൻെറ മുമ്പാകെയോ, അതിൻെറ കീഴിലുള്ള ഒരു കോടതിയുടെ മുമ്പാകെയോ നിലവിലിരിക്കുന്ന ഒരു കേസ്, അതതുസംഗതി പോലെ, ഏതെങ്കിലും കേന്ദ്ര നിയമത്തിൻെറയോ അല്ലെങ്കിൽ

കേന്ദ്ര നിയമത്തിൻെറയും സ്റേററ് നിയമത്തിൻെറയും രണ്ടിൻെറയുമോ ഭരണ ഘടനാപരമായ സാധുതയെക്കുറിച്ചുള്ള പ്രശ്നങ്ങരം ഉരംക്കൊള്ളുന്നുണ്ടെന്നും,

(ഖ) അങ്ങനെയുള്ള പ്രശ്നങ്ങളുടെ തീർപ്പു കേസ്സിൻെറ തീർച്ചയ്ക്കു ആവശ്യക മാണെന്നും,

ബോദ്ധ്യമാകുന്നിടത്ത് ഹൈക്കോടതി, ആ പ്രശ്നങ്ങരം സുപ്രീം കോടതിയുടെ തീരുമാന ത്തിന് റഫർ ചെയ്യേണ്ടതാകുന്നു.

(3) (2)—ാം ഖണ്ഡത്തിലെ വ്യവസ്ഥകരംക്ക് ഭംഗം വരാതെ, ഇന്ത്യയുടെ അറേറാർണി ജനറൽ കൊടുക്കുന്ന ഒരു അപേക്ഷയിൻ മേൽ, സുപ്രീം കോടതിക്ക്,—

(ക) ഒരു ഹൈക്കോടതിയുടെ മുമ്പാകെയോ ഒരു ഹൈക്കോടതിയുടെ കീഴിലുള്ള ഒരു കോടതിയുടെ മുമ്പാകെയോ നില വിലിരിക്കുന്ന ഒരു കേസ്സും അതതു സംഗതിപോലെ, ഏതെങ്കിലും കേന്ദ്ര നിയമത്തിൻെറയോ, അല്ലെങ്കിൽ, കേന്ദ്ര നിയമത്തിൻെറയും സ്റേററ് നിയമത്തി ൻെറയും രണ്ടിൻെറയുമോ ഭരണഘടനാ പരമായ സാധുതയെക്കുറിച്ചുള്ള പ്രശ്ന ങ്ങരം ഉരംക്കൊള്ളുന്നുണ്ടെന്നും,

(ഖ) അങ്ങനെയുള്ള പ്രശ്നങ്ങളുടെ തീർപ്പ് കേസിൻെറ തീർച്ചയ്ക്ക് ആവശ്യക മാണെന്നും,

ബോദ്ധ്യപ്പെടുത്തുന്നിടത്ത് സുപ്രീം കോടതി യിൽ ആ പ്രശ്നം അതിൻെറ തീരുമാനത്തിന് റഫർ ചെയ്യാൻ ഹൈക്കോടതിയോട് ആവശ്യപ്പെടാ വുന്നതാണ്.

(4) (2)—ാം ഖണ്ഡത്തിനോ, (3)—ാം ഖണ്ഡ ത്തിനോ കീഴിൽ ഒരു റഫറൻസ് ഉണ്ടാകുമ്പോരം, ഹൈക്കോടതി കേസ് സംബന്ധിച്ച എല്ലാ നടപടി കളും അപ്രകാരം റഫർ ചെയ്യപ്പെട്ട പ്രശ്നങ്ങരം സുപ്രീം കോടതി തീരുമാനിക്കുന്നതുവരെ നിറുത്തി വയ്ക്കേണ്ടതാകുന്നു.

(5) സുപ്രീം കോടതി, കക്ഷികൾക്കു പറയാനുള്ളതു പറയാൻ അവസരം നൽകിയതിനുശേഷം, അപ്രകാരം റഫർ ചെയ്യപ്പെട്ട പ്രശ്നങ്ങൾ തീരുമാനിക്കേണ്ടതും, സുപ്രീം കോടതിക്ക്—

(ക) സ്വയം ആ കേസ്സ്, തീർച്ച ചെയ്യുകയോ, അല്ലെങ്കിൽ

(ഖ) കേസ്സ്, അങ്ങനെയുള്ള പ്രശ്നങ്ങളിൻമേലുള്ള അതിൻെറ വിധിന്യായത്തിൻെറ ഒരു പകർപ്പുസഹിതം, അതതു സംഗതിപോലെ, ഹൈക്കോടതിയോ, അതിൻെറ കീഴിലുള്ള കോടതിയോ അങ്ങനെയുള്ള വിധിന്യായത്തിന് അനുരൂപമായി കേസ്സ് തീർച്ചചെയ്യാനായി, ഹൈക്കോടതിയിലേക്ക് തിരിച്ച് അയയ്ക്കുകയോ,

ചെയ്യാവുന്നതും ആകുന്നു.

24. ഭരണഘടനയുടെ 139-ാം അനുച്ഛേദത്തിനു ശേഷം താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:— പുതിയ അനുച്ഛേദം 139 ക. ചേർക്കൽ.

''139ക. (1) ഇൻഡ്യയുടെ അററോർണി ജനറൽ കൊടുക്കുന്ന ഒരു അപേക്ഷയിൻമേൽ സുപ്രീം കോടതിക്ക് ഓരോ നിയമപ്രശ്നങ്ങളോ സാരാംശത്തിൽ ഒരേ നിയമപ്രശ്നങ്ങളോ ഉൾക്കൊള്ളുന്ന കേസ്സുകൾ അതിൻെറയും, ഒന്നോ അതിലധികമോ ഹൈക്കോടതികളുടെയും മുമ്പാകെയോ അല്ലെങ്കിൽ രണ്ടോ അതിലധികമോ ഹൈക്കോടതികളുടെ മുമ്പാകെയോ നിലവിലിരിക്കുന്നുണ്ടെന്നും, അങ്ങനെയുള്ള പ്രശ്നങ്ങൾ സാമാന്യമായ പ്രാധാന്യത്തോടുകൂടിയ സാരവത്തായ പ്രശ്നങ്ങൾ ആണെന്നും ബോദ്ധ്യമാകുന്നുവെങ്കിൽ, സുപ്രീം കോടതിക്ക് ഹൈക്കോടതിയുടെയോ, ഹൈക്കോടതികളുടെയോ മുമ്പാകെ നിലവിലിരിക്കുന്ന കേസ്സോ കേസ്സുകളോ പിൻവലിക്കുകയും സ്വയം ആ എല്ലാ കേസുകളും തീർച്ച ചെയ്യുകയും ചെയ്യാവുന്നതാണ്. ചില കേസുകൾ മാററുന്നത്.

(2) ഏതെങ്കിലും ഹൈക്കോടതിയുടെ മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും കേസോ, അപ്പീലോ മററു നപടികളോ മറേറതെങ്കിലും ഹൈക്കോടതിയിലേക്ക് മാററുന്നത്, നീതിയുടെ ലക്ഷ്യങ്ങൾക്കു സമീചീനമാണെന്നു കരുതുന്നുവെങ്കിൽ സുപ്രീം കോടതിക്ക് അപ്രകാരം ചെയ്യാവുന്നതാണ്.''

പുതിയ അനുച്ഛേദം 144 ക ചേർക്കൽ.

25. ഭരണഘടനയുടെ 144–ാം അനുച്ഛേദത്തിനുശേഷം താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

നിയമങ്ങളുടെ സാധുതയെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ തീർച്ച ചെയ്യുന്നതിനെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ

"144ക. (1) ഏതെങ്കിലും കേന്ദ്രനിയമത്തിന്റെയോ സ്റ്റേറ്റ് നിയമത്തിന്റെയോ, ഭരണഘടനാപരമായ സാധുതയെക്കുറിച്ചുള്ള ഏതെങ്കിലും പ്രശ്നം തീർപ്പാക്കുന്ന ആവശ്യത്തിന് ഉപവിഷ്ടരാകേണ്ട സുപ്രീം കോടതി ജഡ്ജിമാരുടെ ഏററവും ചുരുങ്ങിയ സംഖ്യ ഏഴ് ആയിരിക്കുന്നതാകുന്നു.

(2) സുപ്രീം കോടതി ഒരു കേന്ദ്രനിയമമോ, സ്റ്റേറ്റ് നിയമമോ, അങ്ങനെയുള്ള നിയമത്തിന്റെ ഭരണഘടനാപരമായ സാധുതയെക്കുറിച്ചുള്ള പ്രശ്നം തീർപ്പു ചെയ്യുന്ന ആവശ്യത്തിന് ഉപവിഷ്ടരാകുന്ന ജഡ്ജിമാരുടെ മൂന്നിൽ രണ്ടിൽ കുറവല്ലാത്ത ഒരു ഭൂരിപക്ഷം, ആ നിയമം ഭരണഘടനാപരമായി അസാധുവാണെന്ന് വിധിക്കാത്തപക്ഷം, ഭരണഘടനാപരമായി അസാധുവാണെന്ന് പ്രഖ്യാപിക്കാൻ പാടുള്ളതല്ല."

145–ാം അനുച്ഛേദത്തിന്റെ ഭേദഗതി

26. ഭരണഘടന 145–ാം അനുച്ഛേദത്തിൽ,—

(ക) (1)–ാം ഖണ്ഡത്തിൽ (ഗ) ഉപഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

"(ഗഗ) 131 ക.-യും 139 ക.-യും അനുച്ഛേദങ്ങളിൻകീഴിലെ കോടതി നടപടികളെക്കുറിച്ചുള്ള ചട്ടങ്ങൾ,

(ഖ) (2)–ാം ഖണ്ഡത്തിൽ "(3)–ാം ഖണ്ഡത്തിലെ വ്യവസ്ഥകൾക്ക്" എന്ന വാക്കുകൾക്കും, ബ്രാക്കററുകൾക്കും, അക്കത്തിനും പകരം "144 ക അനുച്ഛേദത്തിലേയും (3)–ാം ഖണ്ഡത്തിലേയും വ്യവസ്ഥകൾക്ക്" എന്ന വാക്കുകളും, അക്കങ്ങളും അക്ഷരവും ബ്രാക്കററുകളും ചേർക്കേണ്ടതാകുന്നു.

(ഗ) (3)–ാം ഖണ്ഡത്തിൽ "ഏററവും ചുരുങ്ങിയ സംഖ്യ" എന്ന വാക്കുകൾക്കുപകരം, "ഏററവും ചുരുങ്ങിയ സംഖ്യ, 144 ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി" എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാകുന്നു.

27. ഭരണഘടനയുടെ 150–ാം അനുച്ഛേദത്തിനുശേഷം, താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:— 150–ാം അനുച്ഛേദത്തിനു പകരം പുതിയ അനുച്ഛേദം ചേർക്കൽ.

''150. യൂണിയൻേറയും സ്റേററുകളുടേയും കണക്കുകൾ, രാഷ്ട്രപതി, ഇൻഡ്യയുടെ കൺട്രോളർ–ആഡിററർ ജനറലുമായി ആലോചിച്ചതിനുശേഷം നിർണ്ണയിക്കുന്ന രൂപത്തിൽ സൂക്ഷിക്കപ്പെടേണ്ടതാകുന്നു. യൂണിയൻേറയും സ്റേററുകളുടെയും കണക്കുകളുടെ രൂപം

28. ഭരണഘടനയുടെ 166–ാം അനുച്ഛേദത്തിൽ, (3)–ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു. അതായത്:– 166–ാം അനുച്ഛേദത്തിൻെറ ഭേദഗതി

(4) യാതൊരു കോടതിക്കും അല്ലെങ്കിൽ അധികാരസ്ഥാനത്തിനും സ്റേററിലെ ഗവൺമെൻറിൻെറ കാര്യങ്ങളുടെ കൂടുതൽ സുകരമായ നടത്തിപ്പിനായി (3)-ാം ഖണ്ഡത്തിൻ കീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളുടെ ഹാജരാക്കൽ ആവശ്യപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

29. ഭരണഘടനയുടെ 170–ാം അനുച്ഛേദത്തിൽ,— 170–ാം അനുച്ഛേദത്തിൻെറ ഭേദഗതി

(ക) വിശദീകരണത്തിനു പകരം, താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതാകുന്നു, അതായത്:—''വിശദീകരണം—ഈ ഖണ്ഡത്തിൽ, ജനസംഖ്യ'' എന്ന പദപ്രയോഗത്തിന്, പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള, ഒടുവിൽക്കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയ ജനസംഖ്യ എന്ന് അർത്ഥമാകുന്നു.

എന്നാൽ, പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള, ഈ വിശദീകരണത്തിലെ പരാമർശത്തിന്, വർഷം 2000–ത്തിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, 1971–ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കൽപിക്കേണ്ടതാകുന്നു.''

(ഖ) (3)–ാം ഖണ്ഡത്തിൽ, പരിമിതി വ്യവസ്ഥയ്ക്കുശേഷം താഴെ പറയുന്ന പരിമിതി വ്യവസ്ഥകഠം ചേർക്കേണ്ടതാകുന്നു, അതായത്:—

''എന്നുമാത്രമല്ല, അങ്ങനെയുള്ള പുന:സമായോജനം, രാഷ്ട്രപതി ഉത്തരവുമുഖേന വിനിർദ്ദേശിക്കുന്ന തീയതി മുതൽ പ്രഭാവത്തിൽ വരുന്നതും, അങ്ങനെയുള്ള പുന: സമായോജനം പ്രഭാവത്തിൽ വരുന്നതുവരെ നിയമസഭയിലേക്കുള്ള ഏതെങ്കിലും തിരഞ്ഞെടുപ്പ്, അങ്ങനെയുള്ള പുന: സമായോജനത്തിനുമുമ്പ് നിലവിലുള്ള പ്രാദേശിക നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ നടത്താവുന്നതുമാകുന്നു.

കൂടാതെ, വർഷം 2000–ത്തിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തങ്ങളായ കണക്കുകഠം പ്രസിദ്ധപ്പെടുത്തുന്നതുവരെ ഈ ഖണ്ഡത്തിൻകീഴിൽ, ഓരോ സ്റേററിലേയും നിയമസഭയിലെ ആകെ സ്ഥാനങ്ങളുടെ എണ്ണവും, അങ്ങനെയുള്ള സ്റേററ് പ്രാദേശിക നിയോജകമണ്ഡലങ്ങളായി ഭാഗിച്ചിട്ടുള്ളതും പുന: സമായോജനം ചെയ്യുന്നത് ആവശ്യമായിരിക്കുന്നതല്ല.''

172–ാം അനുച്ഛേദത്തിന്റെ ഭേദഗതി

30. (1) ഭരണഘടനയുടെ 172–ാം അനുച്ഛേദത്തിൽ, (1)-ാം ഖണ്ഡത്തിൽ ''അഞ്ചുവർഷം'' എന്ന വാക്കുകഠം കാണുന്ന രണ്ടു സ്ഥലങ്ങളിലും, അവയ്ക്കുപകരം ''ആറുവർഷം'' എന്ന വാക്കുകഠം ചേർക്കേണ്ടതാകുന്നു.

(2) (1)–ാം ഉപവകുപ്പു ചെയ്യുന്ന ഭേദഗതികഠം, ഈ വകുപ്പു പ്രാബല്യത്തിൽ വരുന്ന തീയതി നിലവിലുള്ള ഏതൊരു നിയമസഭയ്ക്കും ബാധകമായിരിക്കുന്നതാണ്.

189–ാം അനുച്ഛേദത്തിന്റെ ഭേദഗതി

31. ഭരണഘടനയുടെ 189–ാം അനുച്ഛേദത്തിൽ, (3)–ം (4)–ം ഖണ്ഡങ്ങഠം വിട്ടുകളയേണ്ടതാകുന്നു.

191-ാം അനുച്ഛേദത്തിന്റെ ഭേദഗതി

32. ഭരണഘടനയുടെ 191–ാം അനുച്ഛേദത്തിൽ, (1)–ാം ഖണ്ഡം, (ക) ഉപഖണ്ഡത്തിനുപകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

''(ക) ആ ആഠം, ഇൻഡ്യാ ഗവൺമെൻറിന്റെയോ ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും സ്റേററിലെ ഗവൺമെൻറിന്റെയോ

കീഴിൽ ഏതൊരു ആദായകരമായ ഉദ്യോഗമാണോ, അത് വഹിക്കുന്നവനെ അയോഗ്യനാക്കുമെന്ന് പാർലമെൻറിനാൽ നിയമം മുഖേന പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്നുവെങ്കിലോ,''

192–ാം അനുച്ഛേദത്തിനു പകരം പുതിയ അനുച്ഛേദം ചേർക്കൽ

33. ഭരണഘടനയുടെ 192–ാം അനുച്ഛേദത്തിനു പകരം, താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

അയോഗ്യതകളെക്കുറിച്ചുള്ള പ്രശ്നങ്ങളിൻമേലുള്ള തീരുമാനം.

''192. (1) ഏതെങ്കിലും പ്രശ്നം:—

(ക) ഒരു സ്റേററിലെ നിയമനിർമ്മാണ മണ്ഡലത്തിലെ ഒരു സഭയിലെ ഒരംഗം 191–ാം അനുച്ഛേദം, (1)–ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനായിത്തീർന്നിട്ടുണ്ടോ എന്നതിനെക്കുറിച്ചോ, അല്ലെങ്കിൽ

(ഖ) ഒരു സ്റേററിലെ നിയമനിർമ്മാണ മണ്ഡലത്തിലെ ഒരു സഭയിലേയ്ക്കുള്ള ഒരു തിരഞ്ഞെടുപ്പിൽ പാർലമെൻറിനാൽ നിർമ്മിക്കപ്പെട്ട ഏതെങ്കിലും നിയമത്തിൻ കീഴിൽ അഴിമതി പ്രവൃത്തിയ്ക്കു അപരാധിയായി കാണപ്പെടുന്ന ഒരാരം, പാർലമെൻറിൻെറ ഇരു സഭകളിൽ ഏതിലേയെങ്കിലുമോ, ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിൻെറ ഒരു സഭയിലേയോ ഒരംഗമായി വരണം ചെയ്യപ്പെടുവാനും ഒരു അംഗമായിരിക്കുവാനും അയോഗ്യനാകുമോ എന്നതിനെക്കുറിച്ചോ അല്ലെങ്കിൽ എത്രകാലത്തേക്കാണ് അയാരം അപ്രകാരം അയോഗ്യനാകുന്നത് എന്നതിനെക്കുറിച്ചോ അല്ലെങ്കിൽ അങ്ങനെയുള്ള അയോഗ്യത നീക്കം ചെയ്യുകയോ, അതിൻെറ കാലാവധി കുറയ്ക്കുകയോ ചെയ്യുന്നതിനെക്കുറിച്ചോ, ഉത്ഭവിക്കുന്നുവെങ്കിൽ ആ പ്രശ്നം രാഷ്ട്രപതിയുടെ തീരുമാനത്തിന് റഫർ ചെയ്യേണ്ടതും, അദ്ദേഹത്തിൻെറ തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.

(2) അങ്ങനെയുള്ള ഏതെങ്കിലും പ്രശ്നത്തിൻമേൽ ഏതെങ്കിലും തീരുമാനം നല്കുന്നതിനു

മുമ്പ് രാഷ്ട്രപതി തിരഞ്ഞെടുപ്പു കമ്മീഷനോട് ആലോചിക്കേണ്ടതും, തിരഞ്ഞെടുപ്പു കമ്മീഷന് ഇതിനുവേണ്ടി യുക്തമെന്നു തോന്നുന്ന അന്വേഷണവിചാരണ ചെയ്യാവുന്നതുമാകുന്നു.

194-ാം അനുച്ഛേദത്തിന്റെ ഭേദഗതി

34. ഭരണഘടനയുടെ 194-ാം അനുച്ഛേദത്തിൽ (3)-ാം ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു. അതായത്:—

''(3) മററു കാര്യങ്ങളെ സംബന്ധിച്ച് ഒരു സ്റേററിന്റെ നിയമനിർമ്മാണമണ്ഡലത്തിന്റെ ഒരു സഭയ്ക്കും അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു സഭയിലെ അംഗങ്ങൾക്കും കമ്മിററികൾക്കും ഉള്ള അധികാരങ്ങളും വിശേഷാവകാശങ്ങളും ഉൻമുക്തികളും, അപ്പോഴപ്പോൾ അങ്ങനെയുള്ള സഭ ആവിഷ്ക്കരിക്കുന്നവ ആയിരിക്കുന്നതാണ്''.

208-ാം അനുച്ഛേദത്തിന്റെ ഭേദഗതി

35. ഭരണഘടനയുടെ 208-ാം അനുച്ഛേദത്തിൽ 1-ാം ഖണ്ഡത്തിൽ, അതിന്റെ നടപടിക്രമവും എന്ന വാക്കുകൾക്കുശേഷം ''(സഭയുടെ ഒരു യോഗം ചേരുന്നതിന് ആവശ്യമുള്ള കോറം ഉൾപ്പെടെ)'' എന്ന ബ്രാക്കററുകളും വാക്കുകളും ചേർക്കേണ്ടതാകുന്നു.

217-ാം അനുച്ഛേദത്തിന്റെ ഭേദഗതി

36. ഭരണഘടനയുടെ 217-ാം അനുച്ഛേദത്തിൽ (2)-ാം ഖണ്ഡത്തിൽ,—

(ക) (ഖ) ഉപഖണ്ഡത്തിൽ അവസാനം ''അല്ലെങ്കിൽ'' എന്ന വാക്ക് ചേർക്കേണ്ടതാകുന്നു.

(ഖ) (ഖ) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

''(ഗ) രാഷ്ട്രപതിയുടെ അഭിപ്രായത്തിൽ, ഒരു വിശിഷ്ടനായ നിയമപണ്ഡിതൻ ആയിരിക്കുകയോ

(ഗ) വിശദീകരണത്തിലെ, (ക) ഖണ്ഡത്തിൽ, ''ജുഡീഷ്യലുദ്യോഗം വഹിച്ചിട്ടുള്ള'' എന്ന

വാക്കുകൾക്കു പകരം, "ജുഡീഷ്യൽ ഉദ്യോഗമോ, ഒരു ട്രിബ്യൂണലിലെ അംഗത്തിൻെറ ഉദ്യോഗമോ, അല്ലെങ്കിൽ നിയമത്തിൽ പ്രത്യേകജ്ഞാനം ആവശ്യമായ യൂണിയൻെറയോ ഒരു സ്റേററിൻെറയോ കീഴിലുള്ള, ഏതെങ്കിലും തസ്തികയോ വഹിച്ചിട്ടുള്ള'' എന്ന വാക്കുകൾ ചേർക്കേണ്ടതാകുന്നു.

37. ഭരണഘടനയുടെ 226–ാം അനുച്ഛേദത്തിൽ, പരിമിതി വ്യവസ്ഥ വിട്ടുകളയേണ്ടതാകുന്നു. 226–ാം അനുച്ഛേദത്തിൻെറ ഭേദഗതി

38. ഭരണഘടനയുടെ 226–ാം അനുച്ഛേദത്തിനുപകരം, താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:— 226–ാം അനുച്ഛേദത്തിനു പകരം പുതിയ അനുച്ഛേദം ചേർക്കൽ

''226. (1) 32–ാം അനുച്ഛേദത്തിൽ എന്തുതന്നെ ഇരുന്നാലും, എന്നാൽ 131(ക) അനുച്ഛേദത്തിലേയും 226(ക) അനുച്ഛേദത്തിലേയും വ്യവസ്ഥകൾക്കു വിധേയമായി, ഓരോ ഹൈക്കോടതിക്കും, ഏതെല്ലാം രാജ്യ ക്ഷേത്രങ്ങളെ സംബന്ധിച്ച് അത് അധികാരിത പ്രയോഗിക്കുന്നുവോ, അവിടെയെല്ലാമോ— ചില റിട്ടുകൾ പുറപ്പെടുവിക്കാൻ ഹൈക്കോടതികൾക്കുള്ള അധികാരം

(ക) 3–ാം ഭാഗത്തിലെ വ്യവസ്ഥകളാൽ നൽകപ്പെട്ടിട്ടുള്ള അവകാശങ്ങളിൽ ഏതെങ്കിലും പ്രാവർത്തികമാക്കുന്നതിനോ, അല്ലെങ്കിൽ

(ഖ) ഈ ഭരണഘടനയിലെ മറേറതെങ്കിലും വ്യവസ്ഥയുടേയോ, അല്ലെങ്കിൽ ഏതെങ്കിലും അധിനിയമത്തിലേയോ ആർഡിനൻസിലേയോ, അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ഉത്തരവിലേയോ, ചട്ടത്തിലേയോ, റഗുലേഷനിലേയോ, ബൈലായിലേയോ, മററു പ്രമാണത്തിലേയോ ഏതെങ്കിലും വ്യവസ്ഥയുടേയോ ഉല്ലംഘനം കാരണമായുള്ളതും സാരമായ സ്വഭാവത്തിലുള്ളതുമായ ഏതെങ്കിലും ക്ഷതിയുടേയോ പരിഹാരത്തിനോ, അല്ലെങ്കിൽ

(ഗ) (ഖ) ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും വ്യവസ്ഥയിൻകീഴിൽ ഏതെങ്കിലും അധികാരസ്ഥാനത്താലോ അധികാരസ്ഥാനത്തിൻെറ മുമ്പാകെയോ,

ഉള്ള ഏതെങ്കിലും നടപടികളിലെ ഏതെങ്കിലും നിയമ വിരുദ്ധത സാരമായ നീതി ലോപത്തിൽ പരിണമിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള നിയമ വിരുദ്ധത കാരണമായുള്ള ഏതെങ്കിലും ക്ഷതിയുടെ പരിഹാരത്തിനോ,

സമുചിതമായ സംഗതികളിൽ, ഏതെങ്കിലും ഗവൺമെൻറ് ഉൾപ്പെടെ, ആ രാജ്യ ക്ഷേത്രങ്ങൾക്കുള്ളിലുള്ള ഏതെങ്കിലും ആൾക്കോ അധികാരസ്ഥാനത്തിനോ നിർദ്ദേശങ്ങളോ, ഉത്തരവുകളോ, അല്ലെങ്കിൽ ഹേബിയസ് കോർപ്പസ്, മാൻഡേമസ്, നിരോധനം, ക്വോവാറൻേറാ, സെർഷ്യോറേറൈ എന്നിവയുടെ സ്വഭാവത്തിലുള്ള റിട്ടുകൾ ഉൾപ്പെടെയുള്ള റിട്ടുകളോ, അവയിൽ ഏതെങ്കിലുമോ പുറപ്പെടുവിക്കാൻ അധികാരമുണ്ടായിരിക്കുന്നതാകുന്നു.

(2) ഏതെങ്കിലും ഗവൺമെൻറിനോ, അധികാരസ്ഥാനത്തിനോ, ആൾക്കോ എതിരായി നിർദേശങ്ങളോ, ഉത്തരവുകളോ, റിട്ടുകളോ പുറപ്പെടുവിക്കാൻ (1)-ാം ഖണ്ഡത്താൽ നൽകപ്പെട്ടിട്ടുള്ള അധികാരം ആ അധികാരത്തിൻെറ പ്രയോഗത്തിനിടയാക്കുന്ന വ്യവഹാരകാരണം പൂർണ്ണമായോ ഭാഗികമായോ ഏതു രാജ്യ ക്ഷേത്രങ്ങളിലാണോ ഉദ്ഭവിക്കുന്നത്, ആ രാജ്യ ക്ഷേത്രങ്ങളെ സംബന്ധിച്ച് അധികാരിത പ്രയോഗിക്കുന്ന ഏതെങ്കിലും ഹൈക്കോടതിക്കും, ആ ഗവൺമെൻറിൻേറയോ അധികാരസ്ഥാനത്തിൻേറയോ ആസ്ഥാനമോ, അല്ലെങ്കിൽ ആ ആളുടെ വാസസ്ഥലമോ ആ രാജ്യ ക്ഷേത്രങ്ങൾക്കുള്ളിലല്ലെങ്കിൽത്തന്നെയും, പ്രയോഗിക്കാവുന്നതാണ്.

(3) (1)-ാം ഖണ്ഡം (ഖ) ഉപഖണ്ഡത്തിലോ (ഗ) ഉപഖണ്ഡത്തിലോ പരാമർശിക്കപ്പെട്ട ഏതെങ്കിലും ക്ഷതിയുടെ പരിഹാരത്തിനുള്ള യാതൊരു ഹർജിയും, അങ്ങനെയുള്ള പരിഹാരത്തിന് തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമമോ നിയമത്തിൻകിഴിലോ മറേറതെങ്കിലും നിവൃത്തിക്കു വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ സ്വീകരിക്കപ്പെടുന്നതല്ല.

(4) (1)-ാം ഖണ്ഡത്തിൻകീഴിലെ ഒരു ഹർജിയിൻമേലോ, അതു സംബന്ധിച്ച ഏതെങ്കിലും

നടപടികളിലോ, യാതൊരു ഇടക്കാല ഉത്തരവും (ഇൻജംക്ഷനായുള്ളതോ നിറുത്തി വയ്ക്കലായുള്ളതോ മറേറതെങ്കിലും രീതിയിലുള്ളതോ ആയാലും)

(ക) ഏതു കക്ഷിക്കെതിരായാണോ അങ്ങിനെയുള്ള ഹർജി ഫയൽ ചെയ്യുകയോ ചെയ്യാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നത് ആ കക്ഷിക്ക് അങ്ങനെയുള്ള ഹർജിയുടെയും അങ്ങനെയുള്ള ഇടക്കാല ഉത്തരവിനുള്ള വാദത്തെ താങ്ങുന്ന എല്ലാ രേഖകളുടെയും പകർപ്പുകരം നൽകപ്പെടുകയും,

(ഖ) ആ വിഷയത്തിൽ അങ്ങനെയുള്ള കക്ഷിക്കു പറയാനുള്ളതു പറയുവാൻ അവസരം നൽകപ്പെടുകയും,

ചെയ്യാത്തപക്ഷം, പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(5) പണമായി, പര്യാപ്തമായവിധം നഷ്ട പരിഹാരം നൽകാൻ കഴിയാത്ത ഏതെങ്കിലും നഷ്ടം ഹർജിക്കാരന് ഉണ്ടാകുന്നത് തടയാൻ (4)—ാംഖണ്ഡം (ക)-യും (ഖ)-യും ഉപഖണ്ഡങ്ങളുടെ ആവശ്യകതകരം വേണ്ടെന്നുവയ്ക്കുകയും ഒരു അസാധാരണ നടപടിയായി ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നത്, ആവശ്യകമാണെന്ന് എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ഹൈക്കോടതിക്കു ബോദ്ധ്യമാകുന്നുവെങ്കിൽ, അതിന് അപ്രകാരം ചെയ്യാവുന്നതും, എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും ഇടക്കാല ഉത്തരവിന്, അത് പുറപ്പെടുവിക്കുന്ന തീയതിമുതൽ പതിന്നാലു ദിവസക്കാലാവധി അവസാനിക്കുന്നതിൻമേൽ അതിനുമുൻപ് അത് ദുർബലപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിൽ ആ കാലാവധി അവസാനിക്കുന്നതിനു മുൻപ്, മേൽപ്പറഞ്ഞ ആവശ്യകതകരം നിറവേററപ്പെട്ടിരിക്കുകയും, ഹൈക്കോടതി, ഇടക്കാല ഉത്തരവിൻെറ പ്രവർത്തനം തുടർന്നിരിക്കുകയും ചെയ്യാത്തപക്ഷം, പ്രഭാവം ഇല്ലാതായിത്തീരുന്നതാകുന്നു.

(6) (4)—ാം ഖണ്ഡത്തിലോ, (5)—ാം ഖണ്ഡത്തിലോ എന്തുതന്നെ ഇരുന്നാലും 1-ാം ഖണ്ഡത്തിൻകീഴിലെ ഒരു ഹർജിയിൻമേലോ അതു സംബന്ധിച്ചുള്ള ഏതെങ്കിലും നടപടികളിലോ, യാതൊരു ഇടക്കാല ഉത്തരവും (ഇൻജംക്ഷനായുള്ളതോ, നിറുത്തിവയ്ക്കലായുള്ളതോ, മറേറതെങ്കിലും

രീതിയിലുള്ളതോ ആയാലും) അങ്ങനെയുള്ള ഉത്തരവിന് പൊതുപ്രാധാന്യമുള്ള ഒരു വിഷയത്തെക്കുറിച്ചുള്ള ഏതെങ്കിലും അന്വേഷണ വിചാരണയ്ക്കോ അല്ലെങ്കിൽ തടവു നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തെക്കുറിച്ചുള്ള അന്വേഷണത്തിന്നോ അന്വേഷണ വിചാരണയ്ക്കോ അല്ലെങ്കിൽ പൊതുജനോപയോഗിതയുള്ള ഏതെങ്കിലും പണിയോ പ്രോജക്ററോ, നടപ്പാക്കുന്നതിനുള്ള ഏതെങ്കിലും പ്രവൃത്തിയ്ക്കോ അല്ലെങ്കിൽ അങ്ങനെ നടപ്പാക്കുന്നതിൽ ഗവൺമെൻേറാ ഗവൺമെൻറിൻെറ വകയായതോ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഏകാംഗ യോഗമോ ഏതെങ്കിലും വസ്തു ആർജ്ജിക്കുന്നതിനോ കാലതാമസം ഉണ്ടാക്കുന്ന ഫലമുണ്ടാക്കുന്നിടത്ത്, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(7) ഈ അനുച്ഛേദം ഒരു ഹൈക്കോടതിക്ക് നൽകുന്ന അധികാരം 32—ാം അനുച്ഛേദം (2)—ാം ഖണ്ഡത്താൽ സുപ്രീംകോടതിക്കു നൽകുന്ന അധികാരത്തിന് ഭംഗം വരുത്തുന്നവിധത്തിലായിരിക്കുന്നതല്ല.

പുതിയ 226—ാം ക അനുച്ഛേദം ചേർക്കൽ

39. ഭരണഘടനയുടെ 226—ാം അനുച്ഛേദത്തിനുശേഷം, താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

കേന്ദ്രനിയമങ്ങളുടെ സാധുത 226—ാം അനുച്ഛേദത്തിൻ കീഴിലെ നടപടികളിൽ പരിഗണിക്കാൻ പാടില്ലെന്ന്

226(ക) 226—ാം അനുച്ഛേദത്തിൽ എന്തു തന്നെയിരുന്നാലും ആ അനുച്ഛേദത്തിൻകീഴിലെ ഏതെങ്കിലും നടപടികളിൽ ഹൈക്കോടതി, ഏതെങ്കിലും കേന്ദ്ര നിയമത്തിൻെറ ഭരണഘടനാപരമായ സാധുത പരിഗണിക്കാൻ പാടുള്ളതല്ല.

227—ാം അനുച്ഛേദത്തിൻെറ ഭേദഗതി

40. ഭരണഘടനയുടെ 227—ാം അനുച്ഛേദത്തിൽ.—

(ക) (1)—ാം ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:

''(1) ഓരോ ഹൈക്കോടതിക്കും, അതിൻെറ അപ്പീലധികാരിതയുടെ കീഴിലുള്ള എല്ലാ കോടതികളുടെയും മേലന്വേഷണം ഉണ്ടായിരിക്കുന്നതാകുന്നു.''

(ഖ) (4)—ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

''(5) ഈ അനുച്ഛേദത്തിലെ യാതൊന്നിനും, ഏതെങ്കിലും താഴെയുള്ള കോടതിയുടെ,

മററുവിധത്തിൽ അപ്പീലിനോ, റിവിഷനോ വിധേയമല്ലാത്ത ഏതെങ്കിലും വിധിന്യായം ചോദ്യം ചെയ്യുവാൻ ഒരു ഹൈക്കോടതിക്ക് ഏതെങ്കിലും അധികാരിത നൽകുന്നതായി അർത്ഥം കൽപ്പിക്കാൻ പാടുള്ളതല്ല.''

41. ഭരണഘടനയുടെ 228–ാം അനുച്ഛേദത്തിൽ, "അത് ആ കേസ് പിൻവലിക്കേണ്ടതും, അതിന്''' എന്ന വാക്കുകൾക്കു പകരം, "അത് ആ കേസ് പിൻവലിക്കേണ്ടതും, അതിന്'' 131 ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി,—'' എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാകുന്നു.

228–ാം അനുച്ഛേദത്തിന്റെ ഭേദഗതി

42. ഭരണഘടനയുടെ 228–ാം അനുച്ഛേദത്തിനുശേഷം, താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

പുതിയ അനുച്ഛേദം 228 ക. ചേർക്കൽ.

''228–ക (1) യാതൊരു ഹൈക്കോടതിക്കും ഏതെങ്കിലും കേന്ദ്ര നിയമം, ഭരണഘടനാപരമായി അസാധുവാണെന്നു പ്രഖ്യാപിക്കാൻ അധികാരിത ഉണ്ടായിരിക്കുന്നതല്ല.

നിയമങ്ങളുടെ സാധുത സംബന്ധിച്ചുള്ള പ്രശ്നങ്ങൾ തീർച്ച ചെയ്യുന്നതിനെ കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ

(2) 131 ക അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു വിധേയമായി, ഹൈക്കോടതിക്ക് സ്റേററ് നിയമങ്ങളുടെ ഭരണഘടനാപരമായ സാധുതയെക്കുറിച്ചുള്ള പ്രശ്നങ്ങൾ തീർപ്പു ചെയ്യാവുന്നതാണ്.

(3) ഏതെങ്കിലും സ്റേററ് നിയമത്തിന്റെ ഭരണഘടനാപരമായ സാധുതയെക്കുറിച്ചുള്ള ഏതെങ്കിലും പ്രശ്നം തീർപ്പുചെയ്യുന്ന ആവശ്യത്തിന് ഉപവിഷ്ടരാകേണ്ട ജഡ്ജിമാരുടെ ഏററവും ചുരുങ്ങിയ സംഖ്യ അഞ്ച് ആയിരിക്കുന്നതാകുന്നു.

എന്നാൽ, ഹൈക്കോടതി അഞ്ചിൽ കുറവായ ജഡ്ജിമാർ അടങ്ങിയതായിരിക്കുന്നിടത്ത് അങ്ങനെയുള്ള പ്രശ്നം ഹൈക്കോടതിയുടെ എല്ലാ ജഡ്ജിമാരും ഉപവിഷ്ടരായി തീരുമാനിക്കാവുന്നതാണ്.

(4) ഹൈക്കോടതി, ഒരു സ്റേററ് നിയമം—

(ക) ഹൈക്കോടതി, അഞ്ചോ അതിലധികമോ ജഡ്ജിമാർ അടങ്ങിയതായിരിക്കു

ന്നിടത്ത്, അങ്ങനെയുള്ള നിയമത്തിന്റെ സാധുത തീർപ്പുചെയ്യുന്ന ആവശ്യത്തിന് ഉപവിഷ്ടരാകുന്ന ജഡ്ജിമാരുടെ മൂന്നിൽ—രണ്ടു ഭാഗത്തിൽ കുറയാത്തവർ അതു ഭരണഘടനാപരമായി അസാധുവാണെന്ന് വിധിക്കുകയും,

(ഖ) ഹൈക്കോടതി അതിൽ കുറവായ ജഡ്ജിമാർ അടങ്ങിയതായിരിക്കുന്നിടത്ത് ഹൈക്കോടതിയിലെ എല്ലാ ജഡ്ജിമാരും, അത് ഭരണഘടനാപരമായി അസാധുവാണെന്ന് വിധിക്കുകയും, ചെയ്യാത്തപക്ഷം, ഭരണഘടനാപരമായി അസാധുവാണെന്ന് പ്രഖ്യാപിക്കാൻ പാടുള്ളതല്ല.

(5) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക്, ഈ ഭാഗത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്. വിശദീകരണം,— ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക് ഒരു ഹൈക്കോടതിയിലെ ജഡ്ജിമാരുടെ സംഖ്യ കണക്കാക്കുന്നതിൽ, വ്യക്തിപരമോ ആർത്ഥികമോ ആയ ചായ്‌വു കാരണം അയോഗ്യനായിട്ടുള്ള ജഡ്ജി ഒഴിവാക്കപ്പെടുന്നതാകുന്നു.''

പുതിയ അനുച്ഛേദം 257 ക ചേർക്കൽ

43. ഭരണഘടനയുടെ 257—ാം അനുച്ഛേദത്തിനു ശേഷം, താഴെ പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാകുന്നു, അതായത്:—

യൂണിയന്റെ സായുധസേനകളുടേയോ മററു സേനകളുടെയോ വിന്യാസം മുഖേന സ്റേററുകൾക്കു സഹായം

''257ക (1) ഇൻഡ്യാ ഗവൺമെൻറിന് യൂണിയന്റെ ഏതെങ്കിലും സായുധ സേനയേയോ യൂണിയന്റെ നിയന്ത്രണത്തിനു വിധേയമായ മററേതെങ്കിലും സേനയേയോ ഏതെങ്കിലും സ്റേററിലെ, നിയമസമാധാനത്തിന്റെ ഏതെങ്കിലും ഗുരുതരമായ സ്ഥിതിവിശേഷം നേരിടുന്നതിനു വേണ്ടി വിന്യസിക്കാവുന്നതാണ്.

(2) ഏതെങ്കിലും സ്റേററിൽ (1)—ാം ഖണ്ഡത്തിൻകീഴിൽ വിന്യസിക്കപ്പെടുന്ന ഏതെങ്കിലും സായുധസേനയോ, മററു സേനയോ, അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും കണ്ടിൻജൻറോ യൂണിററോ, ഇൻഡ്യാ ഗവൺമെൻറ് പുറപ്പെടുവിക്കുന്ന നിദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതും, അങ്ങനെയുള്ള നിദേശങ്ങളിൽ, മററു വിധത്തിൽ വ്യവസ്ഥ

ചെയ്യുന്ന വിധമൊഴികെ, സ്റേററ് ഗവൺമെൻറിൻേറയോ സ്റേററ് ഗവൺമെൻറിൻെറ കീഴിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻേറയോ അധികാരസ്ഥാനത്തിൻേറയോ മേലന്വേഷണത്തിനോ നിയന്ത്രണത്തിനോ വിധേയമായിരിക്കുന്നതല്ലാത്തതും ആകുന്നു.

(3) പാർലമെൻറിന് (1)–ാം ഖണ്ഡത്തിൻ കീഴിൽ വിന്യസിക്കപ്പെടുന്ന ഏതെങ്കിലും സേനയിലേയോ അതിൻെറ ഏതെങ്കിലും കണ്ടിൻജൻറിലേയോ യൂണിററിലേയോ അംഗങ്ങളുടെ, അങ്ങനെ വിന്യസിക്കപ്പെടുന്ന കാലത്തെ അധികാരങ്ങളും ചുമതലകളും വിശേഷാവകാശങ്ങളും ബാദ്ധ്യതകളും നിയമം മുഖേന വിനിർദ്ദേശിക്കാവുന്നതാണ്.''

44. ഭരണഘടനയുടെ 311–ാം അനുച്ഛേദത്തിൽ (2)–ാം ഖണ്ഡത്തിൽ,— 311–ാം അനുച്ഛേദത്തിൻെറ ഭേദഗതി

(ക) ''ശേഷവും അങ്ങനെയുള്ള അന്വേഷണ വിചാരണയ്ക്കുശേഷം അയാളുടെ മേൽ അങ്ങനെയുള്ളഏതെങ്കിലും ദണ്ഡനം ചുമത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഉദ്ദേശിക്കുന്ന ദണ്ഡനത്തെപ്പററി, നിവേദനം ചെയ്യുവാൻ, എന്നാൽ അങ്ങനെയുള്ള അന്വേഷണ വിചാരണയിൽ നൽകപ്പെട്ടിട്ടുള്ള തെളിവ് അടിസ്ഥാനമാക്കി നിവേദനം ചെയ്യുവാൻ മാത്രം, അയാൾക്ക് ന്യായമായ ഒരു അവസരം നൽകിയതിനു ശേഷവും അല്ലാതെ'' എന്ന വാക്കുകൾ വിട്ടു കളഞ്ഞ് പകരം ''ശേഷമല്ലാതെ'' എന്ന വാക്ക് ചേർക്കേണ്ടതാകുന്നു.

(ഖ) ''എന്നാൽ, ഈ ഖണ്ഡം—''എന്ന വാക്കുകൾക്കു പകരം, താഴെ പറയുന്നതു ചേർക്കേണ്ടതാകുന്നു, അതയാത്.—

''എന്നാൽ അങ്ങനെയുള്ള അന്വേഷണ വിചാരണയ്ക്കു ശേഷം അയാളുടെമേൽ അങ്ങനെയുള്ള ഏതെങ്കിലും ദണ്ഡനം ചുമത്തുവാൻ നിർദ്ദേശിക്കപ്പെടുന്നിടത്ത്, അങ്ങനെയുള്ള ദണ്ഡനം, അങ്ങനെയുള്ള അന്വേഷണവിചാരണയിൽ നൽകപ്പെട്ടിട്ടുള്ള തെളിവിൻെറ അടിസ്ഥാനത്തിൽ ചുമത്താവുന്നത്, അങ്ങനെയുള്ള ആൾക്ക് നിർദ്ദേശിക്കപ്പെടുന്ന ദണ്ഡനത്തെക്കുറിച്ച് ബോധിപ്പിക്കുവാനുള്ളത് ബോധിപ്പിക്കുവാൻ ഏതെങ്കിലും അവസരം നൽകുന്നത് ആവശ്യമായിരിക്കുന്നത് അല്ലാത്തതുമാകുന്നു:

എന്നുമാത്രമല്ല ''ഈ ഖണ്ഡം''—

312–ാം അനുച്ഛേദത്തിന്റെ ഭേദഗതി

45. ഭരണഘടനയുടെ 312–ാം അനുച്ഛേദത്തിൽ,—

(ക) (1)–ാം ഖണ്ഡത്തിൽ—

(i) "XI-ാം ഭാഗത്തിൽ" എന്ന വാക്കിനും അക്കങ്ങൾക്കും പകരം "VI-ാം ഭാഗം VI-ാം അദ്ധ്യായത്തിലെ XI-ാം ഭാഗത്തിലോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാകുന്നു.

(ii) ''അഖിലേന്ത്യാ സർവ്വീസുകൾ'' എന്നതിനുശേഷം (ഒരു അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസുൾപ്പെടെ)'' എന്നു ചേർക്കേണ്ടതാകുന്നു.

(ഖ) (21)–ാം ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാകുന്നു, അതായത്:—

(3) (1)–ാംഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസിൽ 236-ാം അനുച്ഛേദത്തിൽ നിർവചിച്ച പ്രകാരമുള്ള ജില്ലാ ജഡ്ജിയുടെ തസ്തികയ്ക്കു താഴെയുള്ള ഏതെങ്കിലും തസ്തിക ഉൾപ്പെടുന്നതല്ല.

(4) മുൻപറഞ്ഞ അഖിലേന്ത്യാ ജുഡീഷ്യൽ സർവ്വീസ് സൃഷ്ടിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്ന നിയമത്തിൽ, VI–ാം ഭാഗം VI-ാം അദ്ധ്യായത്തിന്റെ ഭേദഗതിക്കുള്ളതും ആ നിയമത്തിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിന് ആവശ്യമാകുന്നതുമായ വ്യവസ്ഥകൾ അടങ്ങിയിരിക്കാവുന്നതും, അങ്ങനെയുള്ള യാതൊരു നിയമവും 363–ാം അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്, ഈ ഭരണഘടനയുടെ ഒരു ഭേദഗതിയായി കരുതപ്പെടുന്നതല്ലാത്തതും ആകുന്നു.''

പുതിയഭാഗം XIV ക ചേർക്കൽ.

46. ഭരണഘടനയുടെ XIV–ാം ഭാഗത്തിനു ശേഷം, താഴെ പറയുന്ന ഭാഗം ചേർക്കേണ്ടതാകുന്നു, അതായത്:—

## ''ഭാഗം XIV ക

## ട്രിബ്യൂണലുകൾ

ഭരണ ട്രൈബ്യൂണലുകൾ

323.ക (1) പാർലമെൻറിന്, യൂണിയൻെറയോ ഏതെങ്കിലും സ്റേററിൻെറയോ, അല്ലെങ്കിൽ ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിനുള്ളിലുള്ളതോ ഇൻഡ്യാ ഗവൺമെൻറിൻെറ നിയന്ത്രണത്തിൻ കീഴിലുള്ളതോ ആയ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻെറയോ മററധികാരസ്ഥാനത്തിൻെറയോ അല്ലെങ്കിൽ ഗവൺമെൻറിൻെറ ഉടമയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഏകാംഗയോഗത്തിൻെറയോ കാര്യങ്ങൾ സംബന്ധിച്ച് പബ്ലിക്ക് സർവീസുകളിലും പബ്ലിക്ക് തസ്തികകളിലും നിയമിക്കപ്പെടുന്ന ആളുകളുടെ ആൾ ചേർക്കലും സേവന വ്യവസ്ഥകളും സംബന്ധിച്ചുള്ള തർക്കങ്ങളും പരാതികളും ഭരണ ട്രിബ്യൂണലുകൾ ന്യായനിർണ്ണയം ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യുന്നതിന് നിയമം മുഖേന വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) (1)—ാം ഖണ്ഡത്തിൻ കീഴിൽ നിർമ്മിക്കപ്പെടുന്ന ഒരു നിയമത്തിന്—

(ക) യൂണിയന്, ഒരു ഭരണ ട്രിബ്യൂണലും, ഓരോ സ്റേററിനും അല്ലെങ്കിൽ രണ്ടോ അതിലധികമോ സ്റേററുകൾക്കും ഒരു വേറിട്ട ഭരണ ട്രിബ്യൂണലും സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുകയും,

(ഖ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളിൽ ഓരോന്നിനും പ്രയോഗിക്കാവുന്ന അധികാരിതയും, അധികാരങ്ങളും (അലക്ഷ്യത്തിനു ശിക്ഷിക്കാനുള്ള അധികാരം ഉൾപ്പെടെ) പ്രാധികാരവും വിനിർദ്ദേശിക്കുകയും,

(ഗ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകൾ അനുവർത്തിക്കേണ്ട നടപടിക്രമത്തിന് (കാലഹരണത്തേയും തെളിവു ചട്ടങ്ങളേയും കുറിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടെ) വ്യവസ്ഥ ചെയ്യുകയും,

(ഘ) (1)—ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള തർക്കങ്ങളോ പരാതികളോ

സംബന്ധിച്ച്, 136-ാം അനുച്ഛേദത്തിൻകീഴിലെ സുപ്രീം കോടതിയുടെ അധികാരിത ഒഴികെയുള്ള എല്ലാ കോടതികളുടെയും അധികാരിത ഒഴിച്ചു നിർത്തുകയും,

(ങ) അങ്ങനെയുള്ള ഓരോ ഭരണ ട്രിബ്യൂണലിലേക്കും ഏതു കേസുകളാണോ അങ്ങനെയുള്ള ട്രിബ്യൂണൽ സ്ഥാപിക്കുന്നതിന് തൊട്ടുമുമ്പ് ഏതെങ്കിലും കോടതിയുടെയോ മററു അധികാരസ്ഥാനത്തിൻെറയോ മുമ്പാകെ നിലവിലുള്ളവയും അങ്ങനെയുള്ള വ്യവഹാരങ്ങളോ നടപടികളോ ഏതു വ്യവഹാര കാരണങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണോ ആ വ്യവഹാര കാരണങ്ങൾ അങ്ങനെ സ്ഥാപിക്കപ്പെട്ടതിനു ശേഷം ഉൽഭവിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അങ്ങനെയുള്ള ട്രിബ്യൂണലിൻെറ അധികാരിതയ്ക്കുള്ളിലാകുമായിരുന്നവയും ആയിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കേസുകൾ മാററുന്നതിന് വ്യവസ്ഥ ചെയ്യുകയും,

(ച) 371. ഘ അനുച്ഛേദം (3)-ാം ഖണ്ഡത്തിൻകീഴിൽ രഷ്ട്രപതിയാൽ ഉണ്ടാക്കപ്പെടുന്ന മറേറതെങ്കിലും ഉത്തരവ് റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുകയും,

(ഛ) അതിൽ അങ്ങനെയുള്ള ട്രിബ്യൂണലുകളുടെ ഫലപ്രദമായ പ്രവർത്തനത്തിനും, അവ കേസുകൾ വേഗം തീർച്ച ചെയ്യുന്നതിനും അവയുടെ ഉത്തരവുകൾ പ്രാവർത്തികമാക്കുന്നതിനും ആവശ്യകമാണന്നു പാർലമെൻറ് കരുതുന്ന അനുപൂരകവും ആനുഷംഗികവും, അനന്തര ഫലമായുള്ളതുമായ വ്യവസ്ഥകൾ (ഫീസ് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ) അടങ്ങിയിരിക്കുകയും ചെയ്യാവുന്നതാണ്.

(3) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക്, ഈ ഭരണഘടനയിലെ മറേറതെങ്കിലും വ്യവസ്ഥയിലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും വ്യവസ്ഥയിലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

323. ഖ(1) സമുചിത നിയമനിർമ്മാണ മണ്ഡലത്തിന് (2)–ാം ഖണ്ഡത്തിൽ വിനിർദ്ദേശിക്കുന്നതും ഏതു വിഷയങ്ങൾ സംബന്ധിച്ചാണോ അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലത്തിന് നിയമങ്ങൾ നിർമ്മിക്കാൻ അധികാരമുള്ളതും അങ്ങനെയുള്ളതുമായ എല്ലാ വിഷയങ്ങളുമോ അവയിലേതെങ്കിലുമോ സംബന്ധിച്ചുള്ള ഏതെങ്കിലും തർക്കങ്ങളോ, പരാതികളോ, കുററങ്ങളോ, ട്രിബ്യൂണലുകൾ ന്യായനിർണ്ണയം ചെയ്യുകയോ വിചാരണ ചെയ്യുകയോ ചെയ്യുന്നതിന് നിയമം മുഖേന വ്യവസ്ഥ ചെയ്യാവുന്നതാണ്. മററു വിഷയങ്ങൾക്കുള്ള ട്രിബ്യൂണലുകൾ

(2) (1)–ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾ താഴെ പറയുന്നവയാണ്, അതായത്.—

(ക) ഏതെങ്കിലും നികുതിയുടെ ലെവിയും, ചുമത്തലും, പിരിക്കലും നടപ്പിൽ വരുത്തലും,

(ഖ) വിദേശ വിനിമയവും കസ്ററംസ് അതിർത്തികൾ കടത്തിയുള്ള ഇറക്കുമതിയും കയററുമതിയും,

(ഗ) വ്യാവസായികത്തർക്കങ്ങളും തൊഴിൽത്തർക്കങ്ങളും,

(ഘ) 31 ക. അനുച്ഛേദത്തിൽ നിർവചിച്ച പ്രകാരമുള്ള ഏതെങ്കിലും എസ്റേറററോ, അതിലെ ഏതെങ്കിലും അവകാശങ്ങളോ, സ്റേററ് ആർജ്ജിക്കുകയോ അങ്ങനെയുള്ള ഏതെങ്കിലും അവകാശങ്ങൾ ഇല്ലാതാക്കുകയോ, രൂപഭേദപ്പെടുത്തുകയോ ചെയ്യുകയോ ചെയ്യുന്നതുവഴിയോ, കൃഷിഭൂമിയിൻമേലുള്ള പരമപരിധി വഴിയോ അല്ലെങ്കിൽ മറേറതെങ്കിലുംവഴിയോ ഉള്ള ഭൂപരിഷ്ക്കാരങ്ങൾ.

(ങ) നഗരവസ്തുക്കളിൻമേലുള്ളപരമ പരിധി,

(ച) പാർലമെൻറിൻെറ ഇരുസഭകളിൽ ഏതി ലെങ്കിലുമോ, ഒരു സ്റേററിലെ നിയമ നിർമ്മാണമണ്ഡലത്തിൻെറ സഭയിലേ യോ, ഇരു സഭകളിൽ ഏതിലേതെങ്കിലുമോ ഉള്ള തിരഞ്ഞെടുപ്പുകഠം, എന്നാൽ 329–ാം അനുച്ഛേദത്തിലും 329 ക. അനുച്ഛേദത്തിലും പരാമർശിക്കപ്പെ ട്ടിട്ടുള്ള വിഷയങ്ങഠം ഒഴിച്ചു നിറുത്തി ക്കൊണ്ട്,

(ഛ) ഭക്ഷണപദാർത്ഥങ്ങളുടേയും, (ഭക്ഷി ക്കാവുന്ന എണ്ണക്കുരുക്കളും, എണ്ണകളും ഉഠംപ്പെടെ) രാഷ്ട്രപതി, പൊതു വി ജ്ഞാപനം മുഖേന, ഈ അനുച്ഛേ ദത്തിൻെറ ആവശ്യത്തിന്, അവശ്യസാധ നങ്ങളായി പ്രഖ്യാപിക്കുന്ന മററു സാമാ നങ്ങളുടേയും ഉൽപ്പാദനം, സമ്പാദനം, സംഭരണം, വിതരണം എന്നിവയും, അങ്ങ നെയുള്ള സാമാനങ്ങളുടെ വിലകളുടെ നിയന്ത്രണവും,

(ജ) (ക) മുതൽ (ഛ) വരെയുള്ള ഉപ ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലുംസംബന്ധിച്ച നിയമങ്ങഠംക്കെതിരായുള്ള കുററങ്ങളും ആ വിഷയങ്ങളിൽ ഏതെങ്കിലും സംബ ന്ധിച്ച ഫീസും,

(ഝ) (ക) മുതൽ (ജ) വരെയുള്ള ഉപ ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതിനെങ്കിലും ആനു ഷംഗികമായ ഏതെങ്കിലും വിഷയം.

(3) (1)–ാം ഖണ്ഡത്തിൻ കീഴിൽ നിർമ്മി ക്കപ്പെടുന്ന ഒരു നിയമത്തിന്,—

(ക) ട്രിബ്യൂണലുകളുടെ ഒരു നിമ്നോന്നതപര മ്പര സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യു കയും,

(ഖ) അങ്ങനെയുള്ള ട്രിബ്യൂണലുകളിൽ ഓരോന്നിനും പ്രയോഗിക്കാവുന്ന അധികാരിതയും, അധികാരങ്ങളും (അലക്ഷ്യത്തിനു ശിക്ഷിക്കാനുള്ള അധികാരം ഉൾപ്പെടെ) പ്രാധികാരവും വിനിർദ്ദേശിക്കുകയും,

(ഗ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകൾ അനുവർത്തിക്കേണ്ട നടപടിക്രമത്തിന് (കാലഹരണത്തേയും തെളിവുചട്ടങ്ങളേയും കുറിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടെ) വ്യവസ്ഥ ചെയ്യുകയും,

(ഘ) മേൽപ്പറഞ്ഞ ട്രിബ്യൂണലുകളുടെ അധികാരിതയ്ക്കുള്ളിൽപ്പെടുന്ന എല്ലാ വിഷയങ്ങളുമോ, അവയിലേതെങ്കിലുമോ സംബന്ധിച്ച് 136—ാം അനുച്ഛേദത്തിൻകീഴിൽ സുപ്രീം കോടതിയുടെ അധികാരിത ഒഴികെയുള്ള എല്ലാ കോടതികളുടെയും അധികാരിത ഒഴിച്ചുനിറുത്തുകയും,

(ങ) അങ്ങനെയുള്ള ഏതെങ്കിലും ട്രിബ്യൂണലുകളിലേയ്ക്ക് അങ്ങനെയുള്ള ട്രിബ്യൂണൽ സമാപിക്കുന്നതിനു തൊട്ടു മുൻപ്, ഏതെങ്കിലും കോടതിയുടെയോ മറേറതെങ്കിലും അധികാരസ്ഥാനത്തിൻെറയോ മുമ്പാകെ നിലവിലിരിക്കുന്നതും, അങ്ങനെയുള്ള വ്യവഹാരങ്ങളോ നടപടികളോ ഏതു വ്യവഹാരകാരണങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണോ ആ വ്യവഹാരകാരണങ്ങൾ അങ്ങനെ സ്ഥാപിക്കപ്പെട്ടതിനുശേഷം ഉദ്ഭവിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ, അങ്ങനെയുള്ള ട്രിബ്യൂണലുകളുടെ അധികാരിതയ്ക്കുള്ളിലാകുമായിരുന്നതുമായ ഏതെങ്കിലും കേസ്സുകൾ മാററുന്നതിനു വ്യവസ്ഥ ചെയ്യുകയും;

(ച) അതിൽ, അങ്ങനെയുള്ള ട്രിബ്യൂണലുകളുടെ ഫലപ്രദമായ പ്രവർത്തനത്തിനും അവ കേസുകൾ വേഗം തീർച്ച ചെയ്യുന്നതിനും, അവയുടെ ഉത്തരവുകൾ പ്രാവർത്തികമാക്കുന്നതിനും ആവശ്യകമാണെന്ന് സമുചിത നിയമനിർമ്മാണ മണ്ഡലം

കരുതുന്ന അനുപൂരകവും, ആനുഷംഗികവും, അനന്തര ഫലമായുള്ളതുമായ വ്യവസ്ഥകൾ (ഫീസ് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടെ) അടങ്ങിയിരിക്കുകയും,

ചെയ്യാവുന്നതാണ്.

(4) ഈ അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് ഈ ഭരണഘടനയിലെ മറേറതെങ്കിലും വ്യവസ്ഥയിലോ, തൽസമയം, പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

വിശദീകരണം:—ഈ അനുച്ഛേദത്തിൽ, ഏതെങ്കിലും വിഷയം സംബന്ധിച്ച്, "സമുചിതനിയമനിർമ്മാണമണ്ഡലം" എന്നതിന്, അതതുസംഗതിപോലെ XI—ാം ഭാഗത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അങ്ങനെയുള്ള വിഷയം സംബന്ധിച്ച നിയമങ്ങൾ നിർമ്മിക്കാൻ ക്ഷമതയുള്ള, പാർലമെൻേറാ, അല്ലെങ്കിൽ സ്റേററ് നിയമനിർമ്മാണമണ്ഡലമോ എന്നർത്ഥമാകുന്നു.

330—ാം അനുച്ഛേദത്തിൻെറ ഭേദഗതി

47. ഭരണഘടനയുടെ 330—ാം അനുച്ഛേദത്തിൽ, താഴെ പറയുന്ന വിശദീകരണം, ഒടുവിൽ ചേർക്കേണ്ടതാകുന്നു, അതായത്:—

വിശദീകരണം:—ഈ അനുച്ഛേദത്തിലും 332—ാം അനുച്ഛേദത്തിലും "ജനസംഖ്യ എന്ന പദ പ്രയോഗത്തിനു പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള, ഒടുവിൽക്കഴിഞ്ഞ കാനേഷുമാരിയിൽ തിട്ടപ്പെടുത്തിയ ജനസംഖ്യ" എന്ന് അർത്ഥമാകുന്നു.

എന്നാൽ, പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള, ഒടുവിൽ കഴിഞ്ഞ കാനേഷുമാരിയെക്കുറിച്ചുള്ള ഈ വിശദീകരണത്തിലെ പരാമർശത്തിന്, വർഷം 2000—ത്തിനുശേഷം എടുക്കുന്ന ആദ്യത്തെ കാനേഷുമാരിക്കുള്ള പ്രസക്തങ്ങളായ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതുവരെ, 1971—ലെ കാനേഷുമാരിയെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാകുന്നു.

48. ഭരണഘടനയുടെ 352-ാം അനുച്ഛേദത്തിൽ— 352-ാം അനുച്ഛേദത്തിന്റെ ഭേദഗതി

(ക) (1)-ാം ഖണ്ഡത്തിൽ, ''ആ അർത്ഥത്തോടുകൂടിയ ഒരു പ്രഖ്യാപനം, ചെയ്യാവുന്നതാണ്'' എന്ന വാക്കുകൾക്കുമുൻപ് താഴെ പറയുന്നത് ചേർക്കേണ്ടതാകുന്നു, അതായത്:—

''ഇൻഡ്യ മുഴുവനുമോ, ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിന്റെ വിളംബരത്തിൽ വിനിർദ്ദേശിക്കുന്ന ഭാഗമോ സംബന്ധിച്ച്'',

(ഖ) (2)-ാം ഖണ്ഡത്തിൽ, (ക) ഉപഖണ്ഡത്തിൽ, ''പിൻവലിക്കാവുന്നതാണ്'' എന്നതിനുപകരം, ''പിൻവലിക്കുകയോ, വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്'' എന്ന വാക്കുകൾ ചേർക്കേണ്ടതാകുന്നു.

(ഗ) (2)-ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

''(2ക) (1)-ാം ഖണ്ഡത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വിളംബരം, പിന്നീടുള്ള ഒരു വിളംബരം മുഖേന വ്യത്യാസപ്പെടുത്തുന്നിടത്ത്, അങ്ങനെയുള്ള പിന്നീടുള്ള വിളംബരം സംബന്ധിച്ച്, (2)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ ആകുന്നത്ര, (1)-ാം ഖണ്ഡത്തിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വിളംബരം സംബന്ധിച്ച് ബാധകമാകുന്നതുപോലെ, ബാധകമാകുന്നതാണ്''.

49. ഭരണഘടനയുടെ 353-ാം അനുച്ഛേദത്തോട് താഴെ പറയുന്ന പരിമിതി വ്യവസ്ഥ കൂട്ടിച്ചേർക്കേണ്ടതാകുന്നു, അതായത്:— 353-ാം അനുച്ഛേദത്തിന്റെ ഭേദഗതി

''എന്നാൽ, ഒരു അടിയന്തരാവസ്ഥ വിളംബരം ഇൻഡ്യയുടെ രാജ്യ ക്ഷേത്രത്തിന്റെ ഏതെങ്കിലും ഭാഗത്തു മാത്രം പ്രവർത്തനത്തിലിരിക്കുന്നിടത്ത്—

(i) (ക) ഖണ്ഡത്തിൻ കീഴിൽ നിദേശങ്ങൾ നൽകാനുള്ള യൂണിയന്റെ നിർവാഹകാധികാരവും,

(ii) (ഖ) ഖണ്ഡത്തിൻകീഴിൽ നിയമങ്ങൾ നിർമ്മിക്കാനുള്ള പാർലമെന്റിന്റെ അധികാരവും,

ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിന്റെ അടിയന്തിരാവസ്ഥ, വിളംബരം പ്രവർത്തനത്തിലിരിക്കുന്ന ഭാഗത്തിലോ, ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങളാൽ ഇൻഡ്യയുടെയോ, ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം ഭീഷണിക്ക് വിധേയമാക്കപ്പെടുന്ന പക്ഷവും വിധേയമാക്കപ്പെടുന്നിടത്തോളവും, ഏതു സ്റേററിലോ അതിന്റെ ഏതെങ്കിലും ഭാഗത്തിലോ ആണോ അടിയന്തിരാവസ്ഥാ വിളംബരം പ്രവർത്തനത്തിലിരിക്കുന്നത് ആ സ്റേററ് അല്ലാത്ത ഏതെങ്കിലും സ്റേററിലേക്കുകൂടി, വ്യാപിക്കുന്നതാണ്.''

356–ാം അനുച്ഛേദത്തിന്റെ ഭേദഗതി

50. ഭരണഘടനയുടെ 356–ാം അനുച്ഛേദത്തിൽ,—

(4)–ാം ഖണ്ഡത്തിൽ ''ആറുമാസം'' എന്നു കാണുന്നിടത്തെല്ലാം അവയ്ക്കു പകരം ''ഒരു വർഷം'' എന്നു ചേർക്കേണ്ടതാകുന്നു.

357–ാം അനുച്ഛേദത്തിന്റെ ഭേദഗതി

51. (1) ഭരണഘടനയുടെ 357–ാം അനുച്ഛേദത്തിൽ (2)–ാം ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

''(2) പാർലമെൻറാ, രാഷ്ട്രപതിയോ, (1)–ാം ഖണ്ഡത്തിലെ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള മററ് അധികാരസ്ഥാനമോ ഒരു സ്റേററിലെ നിയമനിർമ്മാണമണ്ഡലത്തിന്റെ അധികാരം പ്രയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും നിയമത്തിന്, അതു നിർമ്മിക്കുവാൻ 356–ാം അനുച്ഛേദത്തിൻകീഴിൽ ഒരു വിളംബരം പുറപ്പെടുവിക്കാത്തപക്ഷം, പാർലമെൻറിനോ രാഷ്ട്രപതിക്കോ, അല്ലെങ്കിൽ അങ്ങനെയുള്ള മററ് അധികാരസ്ഥാനത്തിനോ ക്ഷമതയുണ്ടാകുമായിരുന്നില്ലെങ്കിൽ, വിളംബരം പ്രവർത്തന രഹിതമായതിനുശേഷം, ഒരു ക്ഷമതയുള്ള നിയമ നിർമ്മാണമണ്ഡലത്താലോ മററു അധികാര സ്ഥാനത്താലോ ഭേദപ്പെടുത്തുകയോ, റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യപ്പെടുന്നതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ്.''

(2) (1)–ാം ഉപവകുപ്പു ചെയ്യുന്ന ഭേദഗതി, ഭരണഘടനയുടെ 357–ാം അനുച്ഛേദം (2)–ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെടുന്നതും, ഈ വകുപ്പ് പ്രാബല്യത്തിൽ വരുന്നതിനു തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്നതും ആയ ഏതെങ്കിലും നിയമത്തിനും കൂടി ബാധകമാകുന്നതാണ്.

52. ഭരണഘടനയുടെ, 358—ാം അനുച്ഛേദ ത്തോട് താഴെ പറയുന്ന പരിമിതിവ്യവസ്ഥ കൂട്ടി ച്ചേർക്കേണ്ടതാകുന്നു, അതായത്:— 358—ാം അനുച്ഛേദത്തിന്റെ ഭേദഗതി

''എന്നാൽ, ഒരു അടിയന്തിരാവസ്ഥാ വിളംബരം ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിന്റെ ഏതെങ്കിലും ഭാഗത്തിൽ മാത്രം പ്രവർത്തനത്തിലിരിക്കുന്നിടത്ത്, ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിന്റെ അടിയന്തരാവസ്ഥാ വിളംബരം പ്രവർത്തനത്തിലിരിക്കുന്ന, ഭാഗത്തിലോ, ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങളാൽ ഇൻ ഡ്യയുടെയോ ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം ഭീഷണിക്കു വിധേയമാക്കപ്പെടുന്നപക്ഷവും, വിധേ യമാക്കപ്പെടുന്നിടത്തോളവും, ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതു സ്റ്റേററിലോ യൂണിയൻ രാജ്യക്ഷേത്രത്തിലോ അതിന്റെ ഏതെങ്കിലും ഭാഗ ത്തിലോ ആണോ, അടിയന്തിരാവസ്ഥാവിളംബരം പ്രവർത്തനത്തിലില്ലാതിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും സ്റ്റേററോ യൂണിയൻ രാജ്യക്ഷേത്രമോ സംബന്ധിച്ചോ, അല്ലെങ്കിൽ അതിലോ ഈ അനു ച്ഛേദത്തിൻകീഴിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമം നിർമ്മിക്കുകയോ, അങ്ങനെയുള്ള ഏതെ ങ്കിലും നിർവ്വാഹക നടപടി എടുക്കുകയോ ചെയ്യാ വുന്നതാണ്.''

53. ഭരണഘടനയുടെ 359—ാം അനുച്ഛേ ദത്തിൽ,— 359—ാം അനുച്ഛേദത്തിന്റെ ഭേദഗതി

(ക) (1ക) ഖണ്ഡത്തിനോട്, താഴെ പറ യുന്ന പരിമിതി വ്യവസ്ഥ കൂട്ടിച്ചേർക്കേണ്ടതാ കുന്നു, അതായത്:—

''എന്നാൽ, ഒരു അടിയന്തരാവസ്ഥാവിളംബരം ഇൻഡ്യയുടെ രാജ്യ ക്ഷേത്രത്തിന്റെ ഏതെങ്കിലും ഭാഗത്തിൽ മാത്രം പ്രവർത്തനത്തിലിരിക്കുന്നി ടത്ത്, ഇൻഡ്യയുടെ രാജ്യ ക്ഷേത്രത്തിന്റെ അടിയന്തി രാവസ്ഥാവിളംബരം പ്രവർത്തനത്തിലിരിക്കുന്ന ഭാഗത്തിലോ, ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്ത നങ്ങളാൽ ഇൻഡ്യയുടെയോ ഇൻഡ്യയുടെ രാജ്യ ക്ഷേത്ര ത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ സുരക്ഷി തത്വം ഭീഷണിക്കു വിധേയമാക്കപ്പെടുന്നപക്ഷവും വിധേയമാക്കപ്പെടുന്നിടത്തോളവും, ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏത് സ്റ്റേററിലോ യൂണിയൻ

രാജ്യക്ഷേത്രത്തിലോ, അതിന്റെ ഭാഗത്തിലോ ആണോ അടിയന്തരാവസ്ഥാ വിളംബരം പ്രവർത്തനത്തിലില്ലാതിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും സ്റ്റേറ്റോ യൂണിയൻ രാജ്യക്ഷേത്രമോ സംബന്ധിച്ചോ, അല്ലെങ്കിൽ അതിലോ, ഈ അനുച്ഛേദത്തിൻകീഴിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമം നിർമ്മിക്കുകയോ അങ്ങനെയുള്ള ഏതെങ്കിലും നിർവ്വാഹക നടപടി എടുക്കുകയോ ചെയ്യാവുന്നതാണ്.

(ഖ) (2)–ാം ഖണ്ഡത്തോട്, താഴെ പറയുന്ന പരിമിതി വ്യവസ്ഥ കൂട്ടിച്ചേർക്കേണ്ടതാകുന്നു, അതായത്:—

''എന്നാൽ, ഒരു അടിയന്തരാവസ്ഥാവിളംബരം ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിന്റെ ഒരു ഭാഗത്തിൽ മാത്രം പ്രവർത്തനത്തിലിരിക്കുന്നിടത്ത്, ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിന്റെ അടിയന്തിരാവസ്ഥാവിളംബരം പ്രവർത്തനത്തിലിരിക്കുന്ന ഭാഗത്തിലോ, ഭാഗം സംബന്ധിച്ചോ ഉള്ള പ്രവർത്തനങ്ങളാൽ ഇൻഡ്യയുടെയോ ഇൻഡ്യയുടെ രാജ്യക്ഷേത്രത്തിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ സുരക്ഷിതത്വം ഭീഷണിക്കു വിധേയമാക്കപ്പെട്ടിരിക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടും അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ്, ഇൻഡ്യയുടെ രാജ്യ ക്ഷേത്രത്തിന്റെ മറ്റേതെങ്കിലും ഭാഗത്തേയ്ക്കു വ്യാപിപ്പിക്കുന്നത് ആവശ്യകമാണെന്നു കരുതാത്തപക്ഷം രാഷ്ട്രപതി അപ്രകാരം വ്യാപിപ്പിക്കാൻ പാടുള്ളതല്ല.''

366–ാം അനുച്ഛേദത്തിന്റെ ഭേദഗതി

54. ഭരണഘടനയുടെ 366–ാം അനുച്ഛേദത്തിൽ—

(ക) (4)–ാം ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:

''(4ക) ''കേന്ദ്രനിയമം'' എന്നാൽ സ്റ്റേറ്റ് നിയമം അല്ലാത്ത ഒരു നിയമം എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ 368–ാം അനുച്ഛേദത്തിൻകീഴിലെ ഒരു ഭരണഘടനാ ഭേദഗതി ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ഖ) (26)–ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

''(26ക) ,,സ്റേററ്റ് നിയമം'' എന്നാൽ—

(ക) ഒരു സ്റേററ്റ് ആക്ററും, അല്ലെങ്കിൽ ഒരു യൂണിയൻ രാജ്യക്ഷേത്രത്തിലെ നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു ആക്ററും എന്നും,

(ഖ) 213—ാം അനുച്ഛേദത്തിൻ കീഴിൽ ഒരു സ്റേററ്റിലെ ഗവർണ്ണറാലോ, 239 ഖ അനുച്ഛേദത്തിൻകീഴിൽ ഒരു യൂണിയൻ രാജ്യ ക്ഷേത്രത്തിലെ ഭരണകർത്താവിനാലോ പ്രഖ്യാപിക്കപ്പെട്ട ഒരു ആർഡിനൻസും,

(ഗ) സ്റേററ്റ് ലിസ്ററിലെ ഒരു വിഷയം സംബന്ധിച്ച് ഈ ഭരണഘടനയുടെ പ്രാരംഭത്തിനു മുൻപു നിർമ്മിക്കപ്പെട്ട ഒരു കേന്ദ്ര ആക്ററിലുള്ള ഏതെങ്കിലും വ്യവസ്ഥയും,

(ഘ) സ്റേററ്റു ലിസ്ററിലോ സമവർത്തി ലിസ്ററിലോ ഉള്ള ഒരു വിഷയം സംബന്ധിച്ച്, ഒരു പ്രവിശ്യാ ആക്ററിലുള്ള ഏതെങ്കിലും വ്യവസ്ഥയും,

(ങ) (ക) ഉപഖണ്ഡത്തിലോ, (ഖ) ഉപഖണ്ഡത്തിലോ, (ഗ) ഉപഖണ്ഡത്തിലോ, (ഘ) ഉപഖണ്ഡത്തിലോ പരാമർശിക്കപ്പെട്ട ഏതെങ്കിലും ആക്ററിന്റെയോ, ആർഡിനൻസിന്റെയോ, വ്യവസ്ഥകളുടെയോ കീഴിലുണ്ടാക്കപ്പെട്ടതും, നിയമത്തിന്റെ ബലമുള്ളതുമായ ഏതെങ്കിലും വിജ്ഞാപനവും, ഉത്തരവും, പദ്ധതിയും, ചട്ടവും, റഗുലേഷനും, ബൈലായും, അല്ലെങ്കിൽ മറേറതെങ്കിലും പ്രമാണവും.

(ച) സ്റേററ്റ് ലിസ്ററിലെ ഒരു വിഷയം സംബന്ധിച്ച മറേറതെങ്കിലും നിയമവും (നിയമത്തിന്റെ ബലമുള്ള ഏതെങ്കിലും വഴക്കമോ, ആചാരമോ ഉൾപ്പെടെ),

എന്ന് അർത്ഥമാകുന്നു.''

55. ഭരണഘടനയുടെ 368—ാം അനുച്ഛേദത്തിൽ 3—ാം ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:— 368—ാം അനുച്ഛേദത്തിന്റെ ഭേദഗതി

,,(4) ഈ ഭരണഘടനയുടെ, ഈ അനുച്ഛേദത്തിൻ കീഴിൽ ചെയ്തതോ ചെയ്തതായി

കരുതപ്പെടാവുന്നതോ ആയ യാതൊരു ഭേദഗതിയും,—ഭരണഘടന (നാൽപ്പത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 1976—ലെ 55—ാം വകുപ്പിന്റെ പ്രാരംഭത്തിനു മുൻപോ പിൻപോ ഉള്ളതായാലും—അത് ഈ അനുച്ഛേദം പ്രതിപാദിക്കുന്ന നടപടിക്രമം അനുസരിച്ച് ചെയ്തിട്ടുള്ളതല്ലെന്ന കാരണത്തിൻമേൽ ഒഴികെ, ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

(5) ഈ അനുച്ഛേദത്തിൻകീഴിൽ ഈ ഭരണഘടനയുടെ വ്യവസ്ഥകളം, കൂട്ടിച്ചേർക്കലോ വ്യത്യാസപ്പെടുത്തലോ റദ്ദാക്കലോ വഴി ഭേദഗതി ചെയ്യാനുള്ള പാർലമെൻറിന്റെ ഭരണഘടനാനിർമ്മാണാധികാരത്തിൻമേൽ യാതൊരു പരിമിതിയും അത് എന്തു തന്നെയായാലും ഉണ്ടായിരിക്കുന്നതല്ലെന്ന്, സംശയങ്ങൾ നീക്കം ചെയ്യാനായി ഇതിനാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.''

371 ച അനുച്ഛേദത്തിന്റെ ഭേദഗതി

56. ഭരണഘടനയുടെ 371—ച അനുച്ഛേദത്തിൽ (ഗ) ഖണ്ഡത്തിൽ, ''അഞ്ചുവർഷം'' എന്ന വാക്കുകൾക്കു പകരം, 'ആറുവർഷം' എന്ന വാക്കുകൾ ചേർക്കുകയും, 'നാലുവർഷം' എന്ന വാക്കു കാണുന്നിടത്തെല്ലാം അവയ്ക്കുപകരം, ''അഞ്ചുവർഷം'' എന്ന വാക്കുകൾ ചേർക്കുകയും ചെയ്യേണ്ടതാകുന്നു.

ഏഴാം പട്ടികയുടെ ഭേദഗതി

57. ഭരണഘടനയുടെ ഏഴാം പട്ടികയിൽ,—

(ക) ലിസ്റ്റ് I—യൂണിയൻ ലിസ്റ്റിൽ 2—ാം ഉൾക്കുറിപ്പിനുശേഷം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാകുന്നു, അതായത്:—

''2ക. യൂണിയന്റെ ഏതെങ്കിലും സായുധ സേനയേയോ യൂണിയന്റെ നിയന്ത്രണത്തിനു വിധേയമായ മറേറതെങ്കിലും സേനയേയോ, അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും കണ്ടിൻജൻറിനേയോ യൂനിററിനേയോ, ഏതെങ്കിലും സ്റേററിൽ സിവിൽ അധികാരത്തിന്നു സഹായകമായി വിന്യസിക്കൽ; അങ്ങനെ വിന്യസിക്കപ്പെട്ടിരിക്കുമ്പോൾ അങ്ങനെയുള്ള സേനകളിലെ അംഗങ്ങളുടെ അധികാരങ്ങളും അധികാരിതയും വിശേഷാവകാശങ്ങളും ബാദ്ധ്യതകളും'';

(ഖ) ലിസ്റ്റ്—2. സ്റേററ് ലിസ്റ്റിൽ,—

(i) (1)—ാം ഉൾക്കുറിപ്പിൽ, ''യൂണിയന്റെ നാവികസേനയുടെയോ കരസേനയുടെയോ

വൈമാനികസേനയുടെയോ മറേറതെങ്കിലും സായുധ സേനയുടെയോ ഉപയോഗം'' എന്ന വാക്കുകൾക്കു പകരം, ''യൂണിയന്റെ നാവികസേനയുടെയോ കരസേനയുടെയോ വൈമാനിക സേനയുടെയോ മറേറതെങ്കിലും സായുധസേനയുടെയോ അല്ലെങ്കിൽ യൂണിയന്റെ നിയന്ത്രണത്തിനു വിധേയമായ മറേറതെങ്കിലും സേനയുടെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും കണ്ടിൻജന്റിന്റെയോ യൂണിററിന്റെയോ ഉപയോഗം'' എന്ന വാക്കുകൾ ചേർക്കേണ്ടതാകുന്നു.

(ii) (2)—ാം ഉൾക്കുറിപ്പിനു പകരം, താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാകുന്നു, അതായത്: —

''(2) ലിസ്ററ് (1)-ലെ 2 ക ഉൾക്കുറിപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, പോലീസ്— (റെയിൽവേ പോലീസും ഗ്രാമപോലീസും ഉൾപ്പെടെ)

(iii) (3)—ാം ഉൾക്കുറിപ്പിൽ,

''നീതിന്യായഭരണം, സുപ്രീംകോടതിയും ഹൈക്കോടതിയുമൊഴികെ എല്ലാകോടതികളുടേയും സംവിധാനവും സംഘടനവും'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാകുന്നു;

(iv) 11—ം 19—ം 20—ം 29—ം ഉൾക്കുറിപ്പുകൾ വിട്ടുകളയേണ്ടതാകുന്നു;

(v) 55—ാം ഉൾക്കുറിപ്പിൽ, ''വർത്തമാന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ അല്ലാതെയുള്ള'' എന്ന വാക്കുകൾക്കു പകരം ''വർത്തമാനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങളും റേഡിയോവഴിയോ ടെലിവിഷൻ വഴിയോ പ്രക്ഷേപണം ചെയ്യുന്ന പരസ്യങ്ങളും അല്ലാതെയുള്ള'' എന്ന വാക്കുകൾ ചേർക്കേണ്ടതാകുന്നു,

(ഗ) ലിസ്ററ് 3—സമവർത്തി ലിസ്ററിൽ,—

(i) 11—ാം ഉൾക്കുറിപ്പിനുശേഷം, താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാകുന്നു, അതായത്: —

''11ക. നീതിന്യായസംഭരണം, സുപ്രീംകോടതിയും ഹൈക്കോടതികളും ഒഴികെ എല്ലാ കോടതികളുടേയും സംവിധാനവും സംഘടനവും,''

(ii) 17–ാം ഉരംക്കുറിപ്പിനുശേഷം, താഴെ പറയുന്ന ഉരംക്കുറിപ്പുകരം ചേർക്കേണ്ടതാകുന്നു, അതായത്:—

''17ക. വനങ്ങരം

17ഖ. വന്യമൃഗങ്ങളുടെയും പക്ഷികളുടേയും രക്ഷണം.''

(iii) 20–ാം ഉരംക്കുറിപ്പിനുശേഷം, താഴെ പറയുന്ന ഉരംക്കുറിപ്പ് ചേർക്കേണ്ടതാകുന്നു, അതായത്:

''20ക. ജനസംഖ്യാനിയന്ത്രണവും കുടുംബാസൂത്രണവും''

(iv) 25–ാം ഉരംക്കുറിപ്പിനുപകരം, താഴെ പറയുന്ന ഉരംക്കുറിപ്പ് ചേർക്കേണ്ടതാകുന്നു, അതായത്:—

''25. ലിസ്റ്റ് 1–ലെ 13–ം 14–ം 65–ം, 66–ം ഉരംക്കുറിപ്പുകളിൽ വ്യവസ്ഥകരംക്കു വിധേയമായി, വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസവും, വൈദ്യ വിദ്യാഭ്യാസവും, സർവ്വകലാശാലകളും ഉരംപ്പെടെ തൊഴിലാളികളുടെ തൊഴിൽപരവും സാങ്കേതികവുമായ പരിശീലനം.''

(v) 33–ാം ഉരംക്കുറിപ്പിനുശേഷം, താഴെ പറയുന്ന ഉരംക്കുറിപ്പു ചേർക്കേണ്ടതാകുന്നു, അതായത്:—

''33ക. തൂക്കങ്ങളും അളവുകളും മാനദണ്ഡങ്ങരം ഏർപ്പെടുത്തുന്നത് ഒഴികെ,''

**226–ാം അനുച്ഛേദത്തിന്റെ കീഴിൽ നിലവിലിരിക്കുന്ന ഹർജികളെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകരം**

58. (1) ഈ ഭരണഘടനയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിശ്ചിത ദിവസത്തിനുമുൻപ് ഭരണഘടനയുടെ 226–ാം അനുച്ഛേദത്തിൻകീഴിൽ കൊടുക്കുന്നതും, ആ ദിവസത്തിനു തൊട്ടുമുൻപ് ഏതെങ്കിലും ഹൈക്കോടതിയുടെ മുമ്പാകെ നിലവിലിരിക്കുന്നതുമായ ഏതൊരു ഹർജിയും (അങ്ങനെയുള്ള ഹർജി ഈ വകുപ്പിൽ നിലവിലിരിക്കുന്ന ഹർജി എന്നു പരാമർശിക്കപ്പെടുന്നതാണ്) അങ്ങനെയുള്ള ഹർജിയിൻമേലോ, അതു സംബന്ധിച്ച ഏതെങ്കിലും നടപടികളിലോ ആ ദിവസത്തിനുമുമ്പ്

പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഇടക്കാല ഉത്തരവ്, (ഇൻജംക്ഷനായുള്ളതോ നിറുത്തി വയ്ക്കലായുള്ളതോ മററേതെങ്കിലും രീതിയിലുള്ളതോ ആയാലും) 38—ാം വകുപ്പിനാൽ പകരം ചേർക്കപ്പെട്ട പ്രകാരമുള്ള 226—ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ അനുസരിച്ച് കൈകാര്യം ചെയ്യപ്പെടേണ്ടതാകുന്നു.

(2) പ്രത്യേകിച്ചും, (1)—ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്കു ഭംഗം വരാതേയും, ഹൈക്കോടതി മുൻപാകെയുള്ള ഏത് നിലവിലിരിക്കുന്ന ഹർജിയാലോ, അതു നിശ്ചിതദിവസത്തിനുശേഷം കൊടുത്തിട്ടുണ്ടായിരുന്നെങ്കിൽ 38—ാം വകുപ്പിനാൽ പകരം ചേർക്കപ്പെട്ട പ്രകാരമുള്ള 226—ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്കു കീഴിൽ ഹൈക്കോടതിയാൽ സ്വീകരിക്കപ്പെടാതിരിക്കുമായിരുന്നത്, അങ്ങനെയുള്ള ഏതൊരു ഹർജിയും ഉപശമിക്കുന്നതും, അങ്ങനെയുള്ള ഹർജിയിൻമേലോ, അതു സംബന്ധിച്ച ഏതെങ്കിലും നടപടികളിലോ പുറപ്പെടുവിച്ച ഏതെങ്കിലും ഇടക്കാലഉത്തരവ്—(ഇൻജംക്ഷനായുള്ളതോ നിറുത്തി വയ്ക്കലായുള്ളതോ മററേതെങ്കിലും രീതിയിലുള്ളതോ ആയാലും) ദുർബലപ്പെട്ടിരിക്കുന്നതുമാകുന്നു:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും ഏതു വിഷയങ്ങൾ സംബന്ധിച്ചാണോ, അങ്ങനെയുള്ള ഹർജി, ആ വിഷയത്തെ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻ കീഴിലും നിവൃത്തി നേടാൻ ഹർജിക്കാരനുള്ള അവകാശത്തെ ബാധിക്കുന്നതല്ലാത്തതും, അങ്ങനെയുള്ള നിവൃത്തി നേടുന്നതിന് കാലഹരണകാലാവധി വല്ലതും ഉണ്ടെങ്കിൽ അതു കണക്കാക്കുന്നതിൽ അങ്ങനെയുള്ള ഹർജി സംബന്ധിച്ച നടപടികൾ ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കാലാവധി ഒഴിച്ചു നിറുത്തപ്പെടുന്നതുമാകുന്നു.

(3) [(2)—ാം ഉപവകുപ്പിൻകീഴിൽ ഉപശമിച്ചിട്ടുള്ള നിലവിലിരിക്കുന്ന ഹർജിയല്ലാത്ത] ഒരു നിലവിലിരിക്കുന്ന ഹർജിയിൻമേലോ അതുസംബന്ധിച്ച ഏതെങ്കിലും നടപടികളിലോ, നിശ്ചിത ദിവസത്തിനുമുൻപ് പുറപ്പെടുവിച്ചതും ആ ദിവസം പ്രാബല്യത്തിലിരിക്കുന്നതുമായ ഏതൊരു ഇടക്കാലഉത്തരവിനും, നിശ്ചിത ദിവസത്തിനുമുമ്പ് അങ്ങനെയുള്ള നിലവിലിരിക്കുന്ന ഹർജി

യുടേയും, അങ്ങനെയുള്ള ഇടക്കാല ഉത്തരവിനുള്ള വാദത്തിനു താങ്ങായുള്ള രേഖകളുടേയും പകർപ്പുകൾ, ഏതു കക്ഷിക്കെതിരായാണോ അങ്ങനെയുള്ള ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്, ആ കക്ഷിക്ക് നൽകിയിട്ടുണ്ടായിരിക്കുകയും, അങ്ങനെയുള്ള കക്ഷിക്ക് ആ വിഷയത്തിൽ പറയുവാനുള്ളത് പറയാൻ അവസരം നൽകിയിട്ടുണ്ടായിരിക്കുകയും ചെയ്യാത്തപക്ഷം,—

(ക) അങ്ങനെയുള്ള നിലവിലിരിക്കുന്ന ഹർജിയുടേയും, ഇടക്കാല ഉത്തരവിനുള്ള വാദത്തിനു താങ്ങായുള്ള രേഖകൾ, പകർപ്പുകൾ, അങ്ങനെയുള്ള കക്ഷിക്ക് നിശ്ചിത ദിവസം മുതൽ ഒരു മാസക്കാലം അവസാനിക്കുന്നതിനുമുമ്പ് നൽകുന്നില്ലെങ്കിൽ മേൽപറഞ്ഞ ഒരു മാസക്കാലം അവസാനിക്കുന്നതിൻമേലോ അല്ലെങ്കിൽ:

(ഖ) (ക) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട പകർപ്പുകൾ അങ്ങനെയുള്ള കക്ഷിക്ക് ആ ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഒരു മാസക്കാലത്തിനുള്ളിൽ നൽകിയിരിക്കുകയും, എന്നാൽ അങ്ങനെയുള്ള കക്ഷിക്ക് ആ വിഷയത്തിൽ പറയുവാനുള്ളത് പറയുവാൻ നിശ്ചിത ദിവസം മുതൽ നാലുമാസക്കാലം അവസാനിക്കുന്നതിനുമുമ്പ് അവസരം നൽകിയിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മേൽപറഞ്ഞ നാലുമാസക്കാലം അവസാനിക്കുന്നതിൻമേലോ, (അതിനുമുൻപേ ദുർബലപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിൽ) പ്രഭാവം ഇല്ലാതായി ത്തീരുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [(2)-ാംഉപവകുപ്പിൻ കീഴിൽ ഉപശമിച്ചിട്ടുള്ള നിലവിലിരിക്കുന്ന ഹർജിയല്ലാത്ത]- ഒരു നിലവിലിരിക്കുന്ന ഹർജിയിൻമേലോ അതു സംബന്ധിച്ച ഏതെങ്കിലും നടപടികളിലോ നിശ്ചിത ദിവസത്തിനുമുമ്പ് പുറപ്പെടുവിച്ചതും, ആ ദിവസം പ്രാബല്യത്തിലിരിക്കുന്നതുമായ ഏതൊരു ഇടക്കാല ഉത്തരവും അങ്ങനെയുള്ള ഉത്തരവിന് പൊതു പ്രാധാന്യമുള്ള ഒരു വിഷയത്തെക്കുറിച്ചുള്ള ഏതെങ്കിലും അന്വേഷണവിചാരണയ്ക്കോ അല്ലെങ്കിൽ തടവു നൽകി ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തെക്കുറിച്ചുള്ള ഏതെങ്കിലും അന്വേഷണത്തിനോ, അന്വേഷണവിചാരണയ്ക്കോ അല്ലെങ്കിൽ പൊതുജനോപയോഗിതയുള്ള ഏതെ

ങ്കിലും പണിയോ പ്രോജക്ടോ നടപ്പാക്കുന്നതിനുള്ള ഏതെങ്കിലും പ്രവർത്തിക്കോ അല്ലെങ്കിൽ അങ്ങിനെ നടപ്പാക്കുന്നതിനു ഗവൺമെൻേറാ ഗവൺമെൻറിൻെറ വകയായതോ, നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഏകാംഗയോഗമോ ഏതെങ്കിലും വസ്തു ആർജ്ജിക്കുന്നതിനോ കാലതാമസം ഉണ്ടാക്കുന്ന ഫലം ഉണ്ടെങ്കിൽ ദുർബലപ്പെട്ടിരിക്കുന്നതാകുന്നു.

വിശദീകരണം:—ഈവകുപ്പിൽ "നിശ്ചിതദിവസം" എന്നാൽ 38–ാം വകുപ്പ് പ്രാബല്യത്തിൽ വരുന്ന തീയതി എന്നർത്ഥമാകുന്നു.

വിഷമതകൾ നീക്കം ചെയ്യാൻ രാഷ്ട്രപതിയ്ക്കുള്ള അധികാരം.

59. (1) ഈ ആക്ററിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള ഭരണഘടനയിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത (ഈ ആക്ററിനുള്ള രാഷ്ട്രപതിയുടെ അനുമതിയുടെ തീയതിക്കു തൊട്ടുമുമ്പ് നിലവിലിരുന്ന പ്രകാരമുള്ള ഭരണഘടനയിലെ വ്യവസ്ഥകളിൽ നിന്ന് ഈ ആക്ററിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ള ഭരണഘടനയിലെ വ്യവസ്ഥകളിലേക്കുള്ള പരിവർത്തനം സംബന്ധിച്ചുള്ള ഏതെങ്കിലും വിഷമതഉൾപ്പെടെ) ഉൽഭവിക്കുന്നുവെങ്കിൽ, രാഷ്ട്രപതിക്ക് ഉത്തരവു മുഖേന ആ വിഷമത നീക്കം ചെയ്യുന്ന ആവശ്യത്തിനു ആവശ്യകമോ സമീചീനമോ ആണെന്ന് അദ്ദേഹത്തിനു തോന്നുന്ന വ്യവസ്ഥകൾ, ഭരണഘടനയുടെ ഏതെങ്കിലും വ്യവസ്ഥയുടെ ഏതെങ്കിലും അനുയോജനമോ രൂപഭേദമോ ഉൾപ്പെടെ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള അനുമതിയുടെ തീയതി മുതൽ രണ്ടുവർഷം കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരുത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) 4–ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും അതു പുറപ്പെടുവിച്ചതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറിൻെറ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാകുന്നു.